സ്ത്രീ സമൂഹത്തിന്റെ
മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

Estd : 2007
സത്യത്തിൻ സാക്ഷി ധർമ്മത്തിൻ പാതയിൽ

പ്രവാസത്തിന്റെ
പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 സെപ്റ്റംബർ 04 തിങ്കൾ
ptnizar@rediffmail.com 9037319971
www.peoplesreview.co.in
PUBLISHED FROM KOZHIKODE email: peoplesreviewdaily@gmail.com Ph. 0495 2769086, 9037319971 P.B. NO. 15 വില: 2 രൂപ

## വീണ്ടും പറന്ന് വിക്രം ലാൻഡർ; ഒരിക്കൽ കൂടി സോഫ്റ്റ് ലാൻഡിങ്



ന്യൂഡൽഹി: ചന്ദ്രോപരിതലത്തിൽ ചന്ദ്രയാൻ മൂന്ന് വിക്രം ലാൻഡർ വീണ്ടും പറന്നു പൊങ്ങുന്ന പരീക്ഷണം വിജയകരമായി പൂർത്തിയാക്കിയതായി ഐഎസ്ആർഒ. ലാൻഡർ ആദ്യം ഇറങ്ങിയ സ്ഥലത്തു നിന്നും അന്തരീക്ഷത്തിൽ ഉയരുകയും വീണ്ടും സോഫ്റ്റ് ലാൻഡിങ്ങ് നടത്തുകയും ചെയ്തതായി ഐ.എസ്.ആർ.ഒ വ്യക്തമാക്കുന്നു.

പറന്നു പൊങ്ങിയ വിക്രം ലാൻഡർ അൽപ്പം മാറി ലാൻഡ് ചെയ്തതായും ഐഎസ്ആർഒ വിശദീകരിച്ചു. ചന്ദ്രയാൻ ദൗത്യവുമായി ബന്ധപ്പെട്ട് വിക്രം ലാൻഡർ ലക്ഷ്യമിട്ടതിനേക്കാൾ കൂടുതൽ കാര്യങ്ങൾ ചെയ്തതായും ഐഎസ്ആർഒ എക്സിൽ കുറിച്ചു. ഇതിന്റെ ദൃശ്യങ്ങൾ ഐഎസ്ആർഒ പുറത്തുവിട്ടിട്ടുണ്ട്.നൽകിയ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ എൻജിൻ പ്രവർത്തിപ്പിച്ചാണ് വിക്രം ലാൻഡർ പറന്നു പൊങ്ങിയത്.

മുകളിലേക്ക് 40 സെന്റിമീറ്റർ പറന്നു പൊങ്ങിയ ലാൻഡർ 30 മുതൽ 40 സെന്റിമീറ്റർ വരെ അകലെയാണ് സുരക്ഷിതമായി ലാൻഡ് ചെയ്തതെന്നും ഐഎസ്ആർഒ കുറിച്ചു.ഈ വിജയം ഭാവി പരീക്ഷണങ്ങൾക്കും മനുഷ്യ ദൗത്യങ്ങൾക്കും ആവേശം പകരും. ചന്ദ്രയാൻ ദൗത്യവുമായി ബന്ധപ്പെട്ട സംവിധാനങ്ങൾ നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട്. പരീക്ഷണത്തിന് ശേഷം റാംപും ഇവഒSTE, ILSA എന്നി പേലോഡുകളും കൃത്യമായി വിന്യസിച്ചതായും ഐഎസ്ആർഒ അറിയിച്ചു.

## മതവികാരത്തിന്റെ തീ ആളിക്കത്തിച്ച് ചൂടുകായാൻ ശ്രമം; ബിജെപിക്കെതിരെ സ്റ്റാലിൻ



ചെന്നൈ: സനാതന ധർമ്മത്തിനെതിരായ മന്ത്രിയും ഡിഎംകെ നേതാവുമായ ഉദയനിധി സ്റ്റാലിന്റെ പ്രസ്താവനയിൽ പ്രതിഷേധം തുടരുന്നതിനിടെ, ബിജെപിയെ കടന്നാക്രമിച്ച് തമിഴ്നാട് മുഖ്യമന്ത്രി എംകെ സ്റ്റാലിൻ. തെറ്റുകൾ മറച്ചു വെക്കാൻ ബിജെപി മതത്തെ ആയുധമാക്കുകയാണെന്ന് സ്റ്റാലിൻ ആരോപിച്ചു. രാജ്യത്തിന്റെ ഘടനയിൽ വിഘാതമുണ്ടാക്കാനും ഐക്യബോധം തകർക്കാനുമാണ് ബിജെപി ശ്രമിക്കുന്നത്. ജനങ്ങളുടെ മതവികാരത്തിന്റെ തീ ആളിക്കത്തിച്ച് അതിൽ നിന്ന് ചൂടുകായാനാണ് ബിജെപിയുടെ ശ്രമം. വർഗീയവാദത്തിന്റെ തീ മണിപ്പൂരിനെയാകെ ചുട്ടെരിച്ചു. മതഭ്രാന്ത് മൂലം ഹരിയാനയിൽ നിഷ്കളങ്കരുടെ ജീവനും സ്വത്തും അപഹരിക്കപ്പെടുകയാണ്. 2002 ലെ ഗുജറാത്ത് കലാപത്തെയും സ്റ്റാലിൻ പരാമർശിച്ചു. 2002 ൽ ഗുജറാത്തിൽ വിതച്ച വിദ്വേഷമാണ് മണിപ്പൂരിലും ഹരിയാനയിലും വർഗീയ സംഘർഷമായി മാറിയത്. 2024 ലെ പൊതു തെരഞ്ഞെടുപ്പിൽ പ്രതിപക്ഷ സഖ്യമായ ഇന്ത്യ അധികാരത്തിൽ വരേണ്ടതുണ്ട്. ഇല്ലെങ്കിൽ മണിപ്പൂരും ഹരിയാനയും രാജ്യത്താകെ പടരും. ആര് അധികാരത്തിൽ വരണം എന്നതിനേക്കാൾ ആര് വരാൻ പാടില്ല എന്നതാണ് 2024- ലെ പൊതുതെരഞ്ഞെടുപ്പിന്റെ പ്രധാന പ്രാധാന്യമെന്നും സ്റ്റാലിൻ പറഞ്ഞു.

തമിഴ്നാട് പ്രോഗ്രസീവ് റൈറ്റേഴ്സ് ഫോറം ചെന്നൈയിൽ ശനിയാഴ്ച സംഘടിപ്പിച്ച സമ്മേളനത്തിൽ സംസാരിക്കവെയാണ് സനാതനധർമത്തെ പിഴുതുകളയണമെന്ന് സ്റ്റാലിന്റെ മകനും തമിഴ്നാട് മന്ത്രിയുമായ ഉദയനിധി സ്റ്റാലിൻ അഭിപ്രായപ്പെട്ടത്. ജാതിയുടെയും മതത്തിന്റെയും പേരിൽ അസമത്വവും അനീതിയും വളർത്തുന്ന സനാതനധർമം സാമൂഹിക നീതിയെന്ന ആശയത്തിന് വിരുദ്ധമാണ്. കൊതുകിനെയും മലമ്പനിയെയും കോവിഡിനെയും ഡെങ്കിപ്പനിയെയും എതിർത്തതുകൊണ്ട് കാര്യമില്ല, അവയെ ഉന്മൂലനംചെയ്യുകയാണ് വേണ്ടത്. സനാതനധർമവും അതുപോലെയാണെന്നുമായിരുന്നു ഉദയനിധി സ്റ്റാലിൻ അഭിപ്രായപ്പെട്ടത്.

## പുതുപ്പള്ളി ഉപതെരഞ്ഞെടുപ്പ്: നിശബ്ദ പ്രചാരണ ദിവസവും തിരക്കൊഴിയാതെ സ്ഥാനാർഥികൾ;

കോട്ടയം: പുതുപ്പള്ളിയിൽ നാളെ വോട്ടെടുപ്പ്. നിശബ്ദ പ്രചാരണ ദിവസമായ ഇന്നും സ്ഥാനാർഥികൾക്ക് തിരക്കൊഴിയുന്നില്ല.

മണർകാട് പള്ളി സന്ദർശിച്ചും സമ്മതിദായകരെ നേരിൽ കണ്ടും യു.ഡി.എഫ് സ്ഥാനാർഥി ചാണ്ടി ഉമ്മൻ നീങ്ങിയപ്പോൾ സ്വകാര്യസന്ദർശനങ്ങളിലൂടെ വോട്ടുറപ്പിക്കുകയാണ് ഇടതു സ്ഥാനാർഥി ജെയ്ക് സി തോമസ്.

ശബ്ദമുഖരിതമായിരുന്ന പുതുപ്പള്ളി പ്രഭാതം നിശബ്ദതയിലേക്ക് നീങ്ങിയപ്പോഴും അതിരാവിലെയും സ്ഥാനാർഥികളുടെ വീടുകൾക്കു മുന്നിൽ തിരക്കായിരുന്നു. ഇതുവരെ കാണാൻ കഴിയാതിരുന്നവർക്ക് മുന്നിലേക്ക് സ്ഥാനാർഥികളെ എത്തിക്കാനാണ് പ്രവർത്തകർ എത്തിയത്. ഫോൺ കോളുകൾക്ക് മറുപടി പറഞ്ഞ് രാവിലെ തന്നെ അത്യാവശ്യം ആളുകളെ തിരക്കിലേക്കിറങ്ങുകയാണ് ചെയ്തത്.

സ്വകാര്യ സന്ദർശനങ്ങൾ വഴി അവസാന വോട്ടും ഇടത്തോട്ടടുപ്പിക്കാനാണ് ജെയ്ക്കിന്റെ ശ്രമം. കഴിഞ്ഞദിവസങ്ങളിലെ തിരക്കിൽ വിട്ടുപോയവരെ കണ്ടുപിടിക്കാൻ ഈ സന്ദർശനങ്ങളെ പ്രയോജനപ്പെടുത്തുകയാണ്. എൻഡിഎ സ്ഥാനാർഥി ലിജിൻ ലാൽ ചെറുസംഘങ്ങളായി ഇറങ്ങിയ സ്ക്വാഡുകൾക്കൊപ്പം സന്ദർശന പരിപാടികളിലാണ്.

പുതുപ്പള്ളിയിൽ എൽഡിഎഫ് സ്ഥാനാർഥി ജെയ്ക് .സി തോമസ് നല്ല ഭൂരിപക്ഷത്തിൽ ജയിക്കുമെന്ന് മന്ത്രി വി.എൻ വാസവൻ പറഞ്ഞു. വികസനം മുൻനിർത്തിയുള്ള പ്രചാരണം ജനങ്ങളിൽ നല്ല സ്വാധീനം ചെലുത്തി.

പ്രതിപക്ഷത്തിന്റെ വിമർശനങ്ങളെല്ലാം പൊളിവചനങ്ങൾ ആയിരുന്നു.സഹതാപതരംഗം ഉണ്ടെങ്കിൽ അത് ജെയ്ക്കിനോടാണെന്നും വി.എൻ വാസവൻ മീഡിയവണിനോട് പറഞ്ഞു.

പുതുപ്പള്ളിയിൽ യുഡിഎഫിന് റെക്കോഡ് ഭൂരിപക്ഷത്തോടെ ജയിക്കാനാകുമെന്ന് പി.കെ.കുഞ്ഞാലിക്കുട്ടി പറഞ്ഞു.പുതുപ്പള്ളിക്ക് വേണ്ട വികസനം അവിടെ ഉണ്ട്.

എൽഡിഎഫ് പോലും ഇപ്പൊൾ ഭൂരിപക്ഷത്തെ പറ്റിയാണ് ചർച്ച നടത്തുന്നതെന്നും പി.കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു.

## വി.എസ്.എസ്.സി പരീക്ഷാത്തട്ടിപ്പ്: പത്ത് പേർ അറസ്റ്റിലായെന്ന് പൊലീസ്

തിരുവനന്തപുരം: വി.എസ്.എസ്.സി പരീക്ഷാത്തട്ടിപ്പിൽ പത്ത് പേർ അറസ്റ്റിലായിട്ടുണ്ടെന്ന് തിരുവനന്തപുരം സിറ്റി പൊലീസ് കമ്മിഷണർ സി.എച്ച് നാഗരാജു. കരസേനയിൽ ക്ലർക്ക് തസ്തിയിലുള്ള അമിത് എന്നയാളും പിടിയിലായിട്ടുണ്ട്. പ്രതിപ്പട്ടികയിലുള്ള ഡി.ആർ.ഡി.ഒയിലെ രണ്ട് ജീവനക്കാർ ഒളിവിലാണ്. അന്വേഷണം കേന്ദ്ര ഏജൻസികൾക്ക് കൈമാറാൻ നീക്കമില്ലെന്നും ആൾമാറാട്ടം നടത്തിയവർ ഇനിയുമുണ്ടാകുമെന്നും കമ്മീഷണർ പറഞ്ഞു.പരീക്ഷാത്തട്ടിപ്പിൽ നേരത്തെ മൂന്ന് പേർ അറസ്റ്റിലായിരുന്നു. ഹരിയാനയിൽ നിന്ന് കേരളാ പൊലീസാണ് ഇവരെ അറസ്റ്റ് ചെയ്തത്. അറസ്റ്റിലായ രണ്ടു പേർ തട്ടിപ്പിന്റെ മുഖ്യ ആസൂത്രകർ. നേരത്തെ പിടിയിലായവർക്ക് തട്ടിപ്പിനുള്ള ഉപകരണങ്ങൾ നൽകിയതും ഉത്തരങ്ങൾ പറഞ്ഞ് നൽകിയതും ഇവരാണെന്ന് പൊലീസ് വ്യക്തമാക്കിയിരുന്നു. വി.എസ്.എസ്.സിയിൽ ടെക്നീഷ്യമ്മാരെ നിയമിക്കാനുള്ള എഴുത്തു പരീക്ഷയിലാണ് തട്ടിപ്പ് നടന്നത്. ഹൈടെക് കോപ്പിയടിയും ആൾമാറാട്ടവും നടന്നുവെന്ന് കണ്ടെത്തിയതിനെ തുടർന്ന് വി.എസ്.എസ്.സി പരീക്ഷ റദ്ദാക്കുകയായിരുന്നു. ടെക്നീഷ്യൻ, ഡ്രാഫ്റ്റ്സ്മാൻ, റേഡിയോഗ്രാഫർ എന്നീ തസ്തികകളിലേക്ക് നടന്ന പരീക്ഷകളാണ് റദ്ദാക്കിയത്.മൂന്ന് ഉപകരണങ്ങളാണ് പ്രതികൾ തട്ടിപ്പിനായി ഉപയോഗിച്ചത്. മൊബൈൽ ഫോണും ഇയർ ഫോണും തട്ടിപ്പിനു വേണ്ടി മാത്രം ഉപയോഗിക്കുന്ന വ്യത്യസ്തമായൊരു ഉപകരണവുമുണ്ട് ഇതിൽ. കാമറ വയ്ക്കാൻ പാകത്തിനാണു പ്രതികളുടെ ഷർട്ടിന്റെ ബട്ടനുകൾ തയ്ച്ചതെന്നും ഇവർ സ്ഥിരമായി തട്ടിപ്പ് നടത്തുന്നവരാണെന്ന് വ്യക്തമാക്കുന്നതാണ് ഇതെല്ലാമെന്നും പൊലീസ് നേരത്തെ പറഞ്ഞിരുന്നു.

## കോൺഗ്രസ് എം.പിമാരുടെ അടിയന്തര യോഗം വിളിച്ച് സോണിയാ ഗാന്ധി

ന്യൂഡൽഹി: പ്രത്യേക പാർലമെന്റ് സമ്മേളനത്തിന്റെ പശ്ചാത്തലത്തിൽ കോൺഗ്രസ് പാർലമെന്ററി പാർട്ടി അധ്യക്ഷ സോണിയാ ഗാന്ധി എം.പിമാരുടെ അടിയന്തര യോഗം വിളിച്ചു. ചൊവ്വാഴ്ച വൈകീട്ട് അഞ്ചിനാണ് യോഗം. സെപ്റ്റംബർ 18 മുതൽ 22 വരെയാണ് പ്രത്യേക പാർലമെന്റ് സമ്മേളനം ചേരുന്നത്. അതേസമയം കൂടിയാലോചന നടത്താതെയും ബിസിനസ് അഡ്വൈസറി കമ്മിറ്റിയെ അറിയിക്കാതെയും പ്രത്യേക പാർലമെന്റ് സമ്മേളനം വിളിച്ചതിൽ പ്രതിപക്ഷ നേതാക്കൾ അമർഷം പ്രകടിപ്പിച്ചു.അജണ്ട എന്താണെന്ന് വെളിപ്പെടുത്താതെയാണ് കേന്ദ്രം പ്രത്യേക പാർലമെന്റ് സമ്മേളനം വിളിച്ചിരിക്കുന്നത്. യോഗം വിളിച്ചതിന് പിന്നാലെ 'ഒരു രാജ്യം, ഒരു തെരഞ്ഞെടുപ്പ്' വിഷയം പഠിക്കാനായി മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദിനെ അധ്യക്ഷനാക്കി കേന്ദ്രം പ്രത്യേക സമിതിയെ നിയോഗിച്ചിരുന്നു. ഒരു വോട്ടർപട്ടികയും ഒരു തിരിച്ചറിയൽ കാർഡുമുപയോഗിച്ച് ഒരേസമയം ലോക്സഭയിലേക്കും സംസ്ഥാന നിയമസഭകളിലേക്കും അതിനൊപ്പം തന്നെ തദ്ദേശ സ്ഥാപനങ്ങളിലേക്കും തെരഞ്ഞെടുപ്പ് നടത്തുന്നത് പഠിക്കാനും അതിനാവശ്യമായ ഭരണഘടനാ-നിയമഭേദഗതികൾ ശിപാർശ ചെയ്യാനുമാണ് സമിതിക്കുള്ള നിർദേശം.




ആംബുലൻസ് തോട്ടിലേക്ക് മറിഞ്ഞപ്പോൾ

## ഇടുക്കിയിൽ ആംബുലൻസ് നിയന്ത്രണം വിട്ട് തോട്ടിലേക്ക് മറിഞ്ഞ് രോഗി മരിച്ചു

ഇടുക്കി: രാജാക്കാട് കളത്രക്കുഴിയിൽ ആംബുലൻസ് നിയന്ത്രണം വിട്ട് തോട്ടിലേക്ക് മറിഞ്ഞ് രോഗി മരിച്ചു.വട്ടപ്പാറ ചെമ്പുഴയിൽ അന്നമ്മ പത്രോസാണ് (80) മരിച്ചത്. കോട്ടയം മെഡിക്കൽ കോളജിൽ നിന്ന് ഡിസ്ചാർജ് ചെയ്ത് വീട്ടിലേക്ക് വരുന്നതിനിടെ ഇന്ന് പുലർച്ചെയാണ് അപകടം ഉണ്ടായത്.പത്തടി താഴ്ചയിലുള്ള തോട്ടിലേക്കാണ് മറിഞ്ഞത്. മൃതദേഹം അടിമാലി താലൂക്ക് ആശുപത്രിയിൽ സൂക്ഷിച്ചിരിക്കുകയാണ്.

## വ്യഭിചാരം ആരോപിച്ച് പാകിസ്താനിൽ യുവതിയെ കല്ലെറിഞ്ഞുകൊന്നു

പഞ്ചാബ്: വ്യഭിചാരം ആരോപിച്ച് പാകിസ്താനിലെ പഞ്ചാബ് പ്രവിശ്യയിൽ ഒരു സ്ത്രീയെ കല്ലെറിഞ്ഞ് കൊന്നു. ലാഹോറിൽ നിന്ന് 500 കിലോമീറ്റർ അകലെ പഞ്ചാബിലെ രാജൻപൂർ ജില്ലയിൽ വെള്ളിയാഴ്ചയാണ് സംഭവം.20 വയസുള്ള യുവതിയുടെ ഭർത്താവ് വ്യഭിചാരക്കുറ്റം ആരോപിച്ചതായി പൊലീസ് പറഞ്ഞു.വെള്ളിയാഴ്ചയാണ് യുവാവും രണ്ട് സഹോദരന്മാരും ചേർന്ന് യുവതിയെ മരത്തിൽ കെട്ടിയിട്ട് കല്ലെറിഞ്ഞ് കൊലപ്പെടുത്തിയത്. കല്ലെറിയുന്നതിന് മുമ്പ് അവർ അവളെ ക്രൂരമായി പീഡിപ്പിക്കുകയും ചെയ്തു. കുറ്റകൃത്യത്തിനു ശേഷം സഹോദരങ്ങൾ ഓടി രക്ഷപ്പെട്ടു, പഞ്ചാബിനും ബലൂചിസ്ഥാനും ഇടയിലുള്ള അതിർത്തി പ്രദേശത്ത് ഒളിച്ചിരിക്കുകയാണെന്ന് പൊലീസ് പറഞ്ഞു.രാജൻപൂരിലെ അൽകാനി ഗോത്രത്തിൽപ്പെട്ടതാണ് കൊല്ലപ്പെട്ട യുവതി.ദുരഭിമാനത്തിൻറെ പേരിൽ ഓരോ വർഷവും പാകിസ്താനിൽ നിരവധി സ്ത്രീകളാണ് കൊല്ലപ്പെടുന്നത്. പ്രതിവർഷം ആയിരത്തോളം സ്ത്രീകളാണ് ദുരഭിമാനക്കൊലക്ക് ഇരയാകുന്നതെന്ന് മനുഷ്യാവകാശ പ്രവർത്തകർ പറയുന്നു. കുടുംബത്തിൻറെ താൽപര്യത്തിന് എതിരായി വിവാഹം കഴിച്ചതോ പ്രണയബന്ധമോ ആണ് പല കൊലപാതകങ്ങൾക്കും കാരണം. മിക്കപ്പോഴും ഇത്തരം കൊലപാതകങ്ങൾക്ക് പിന്നിൽ കുടുംബാംഗങ്ങളാണ്. കുറച്ച് ദിവസങ്ങൾക്ക് മുമ്പ് പഞ്ചാബിലെ മിയാൻവാലി ജില്ലയിൽ വനിതാ ഡോക്ടറെ ദുരഭിമാനത്തിൻറെ പേരിൽ വെടിവെച്ച് കൊന്നിരുന്നു.25 കാരിയായ ഡോക്ടർ തൻറെ സഹപ്രവർത്തകനെ വിവാഹം കഴിക്കാൻ ആഗ്രഹിച്ചിരുന്നുവെങ്കിലും പിതാവ് അത് അംഗീകരിച്ചില്ലെന്നാണ് പൊലീസ് പറയുന്നത്.'ഒരാഴ്ച മുമ്പ്, ഡോക്ടറുടെ പിതാവ് മിയാൻവാലി നഗരത്തിലെ യുവതിയുടെ ക്ലിനിക്കിൽ വന്ന് വിവാഹത്തെച്ചൊല്ലി വഴക്കിട്ടു. തർക്കത്തിനിടെ പിതാവ് തോക്കെടുത്ത് മകൾക്കു നേരെ വെടിയുതിർക്കുകയായിരുന്നു. ഗുരുതരമായി പരിക്കേറ്റ യുവതിയെ ആശുപത്രിയിലെത്തിച്ചെങ്കിലും മരണത്തിന് കീഴടങ്ങി" പൊലീസ് കൂട്ടിച്ചേർത്തു.



## യു.എ.ഇ ബഹിരാകാശ യാത്രികൻ സുൽത്താൻ അൽ നിയാദി ഭൂമിയിലിറങ്ങി

ഫ്ളോറിഡ: ഏറ്റെടുത്ത ദൗത്യം വിജയകരമായി പൂർത്തീകരിച്ച് യു.എ.ഇയുടെ സുൽത്താൻ അൽ നിയാദിയും സംഘവും ഭൂമിയിലിറങ്ങി. അറബ് ലോകത്തെ ആദ്യ ദീർഘകാല ബഹിരാകാശ സഞ്ചാരിയെന്ന നേട്ടം സ്വന്തമാക്കിയാണ് നിയാദിയുടെ ലാൻഡിങ്. ആറു മാസത്തോളമായി ബഹിരാകാശത്ത് താമസിക്കുന്ന നിയാദി അടക്കമുള്ളവർക്ക് ഭൂമിയിലെ സാഹചര്യങ്ങളുമായി ഇണങ്ങാൻ അര മണിക്കൂറോളം സമയമെടുക്കും. ഒരു മാസത്തോളം നീളുന്ന മെഡിക്കൽ പരിശോധനകൾ പൂർത്തിയാക്കിയ ശേഷം മാത്രമാണ് ഇവർക്ക് നാട്ടിലേക്ക് മടങ്ങാനാവുക. അൽ നിയാദിക്ക് ഊഷ്മള സ്വീകരണം നൽകാൻ യു.എ.ഇ ബഹിരാകാശ ഏജൻസിയായ മുഹമ്മദ് ബിൻ റാശിദ് സ്പേസ് സെന്ററിന്റെ നേതൃത്വത്തിൽ വിപുലമായ ചടങ്ങുകൾ ആസൂത്രണം ചെയ്യുന്നുണ്ട്.ഭൂമിയിൽനിന്ന് 400 കിലോമീറ്റർ അകലെയാണ് അന്താരാഷ്ട്ര ബഹിരാകാശ നിലയം. അവിടെനിന്ന് സ്പേസ് എക്സിന്റെ ഡ്രാഗൺ പേടകത്തിൽ യു.എ.ഇ സമയം വൈകീട്ട് 3.05നാണ് നിയാദിയും സഹയാത്രികരായ മൂന്ന് ക്രൂ-6 അംഗങ്ങളും ഭൂമിയിലേക്ക് മടക്കയാത്ര ആരംഭിച്ചത്. സ്റ്റീഫൻ ബോവൻ, വാറൻ ഹോബർഗ് (അമേരിക്ക), ആന്ദ്രേ ഫെഡ്യാവേവ് (റഷ്യ) എന്നിവരും നിയാദിക്കൊപ്പം തിരിച്ചെത്തി. ബഹിരാകാശത്തേക്ക വീണ്ടുമെത്താനാവുമെന്ന പ്രതീക്ഷ മടക്കയാത്രക്ക് തൊട്ടുമുമ്പ് നിയാദി സാമൂഹിക മാധ്യമങ്ങൾ വഴി പങ്കുവെച്ചിരുന്നു. മാർച്ച് മൂന്നിനാണ് ഈ സംഘം നാസയുടെയും സ്പേസ് എക്സിന്റെയും ക്രൂ-6 ദൗത്യത്തിന്റെ ഭാഗമായി ബഹിരാകാശനിലയത്തിൽ എത്തിച്ചേർന്നത്. 200ലേറെ ശാസ്ത്രീയ പരീക്ഷണങ്ങൾ അടക്കമുള്ളവ പൂർത്തിയാക്കിയാണ് സംഘത്തിന്റെ മടക്കം. ഇവയിൽ 19 പരീക്ഷണങ്ങൾ യു.എ.ഇയുടെ രണ്ടാമത്തെ ബഹിരാകാശ സഞ്ചാരിയായ സുൽത്താൻ അൽ നിയാദി സ്വയം പൂർത്തിയാക്കി.അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിൽ ഏറ്റവും കൂടുതൽ നാൾ ചെലവിട്ട ആദ്യ അറബ് വംശജൻ, ബഹിരാകാശ നടത്തം പൂർത്തിയാക്കിയ ആദ്യ അറബ് പൗരൻ എന്നീ റെക്കോർഡുകൾ ഇതിനകം നിയാദി സ്വന്തം പേരിൽ കുറിച്ചു.. ബഹിരാകാശ നിലയത്തിൽ നിന്ന് ഇന്ത്യയുടേതടക്കം നിരവധി അപൂർവ ചിത്രങ്ങൾ അൽ നിയാദി പങ്കുവെച്ചിരുന്നു.

## ഐഎസ്ആർഒ ശാസ്ത്രജ്ഞ എൻ.വളർമതി അന്തരിച്ചു



ബെംഗളൂരു: ചന്ദ്രയാൻ 3 ഉൾപ്പെടെ ഐഎസ്ആർഒയുടെ ബഹിരാകാശ ദൗത്യങ്ങളിൽ നിർണായക ശബ്ദസാന്നിധ്യമായ ശാസ്ത്രജ്ഞ എൻ.വളർമതി (64)അന്തരിച്ചു. ശനിയാഴ്ച വൈകിട്ട് ചെന്നൈയിൽ ഹൃദയാഘാതത്തെ തുടർന്നായിരുന്നു അന്ത്യം.തമിഴ്നാട് അരിയനല്ലൂർ സ്വദേശിയായ വളർമതി ശ്രീഹരിക്കോട്ടയിലെ മിഷൻ കൺട്രോൾ സെൻറർ റേഞ്ച് ഓപ്പറേഷൻ വിഭാഗം മാനേജരായിരുന്നു. ഇന്ത്യയുടെ അഭിമാന ദൗത്യമായ ചന്ദ്രയാൻ മൂന്നിന്റെ വിജയകരമായ വിക്ഷേപണത്തിലും കൗണ്ട് ഡൗണിലുമെല്ലാം സ്വര സാന്നിധ്യമായി ഇവർ ഉണ്ടായിരുന്നു. ത്രീ, ടു, വൺ എന്നിങ്ങനെ രാജ്യത്തെ പ്രതീക്ഷയുടെ മുൾമുനയിൽ നിർത്തിയുള്ള വിവിധ അഭിമാന ദൗത്യങ്ങളിലെ ആ കൗണ്ട് ഡൗൺ ശബ്ദം ഓർമയായി മാറിയിരിക്കുകയാണ്.മരിക്കുന്നതിനു മുൻപുള്ള അവസാന കൗണ്ട് ഡൗൺ ശബ്ദമായിരുന്നു ചന്ദ്രയാൻ 3യുടെതെന്ന് ഐഎസ്ആർഒ മുൻ ഡയറക്ടർ ഡോ.പി.വി വെങ്കിട കൃഷ്ണൻ ട്വീറ്റ് ചെയ്തു. "ശ്രീഹരിക്കോട്ടയിൽ നിന്നുള്ള ഐഎസ്ആർഒയുടെ ഭാവി ദൗത്യങ്ങളുടെ കൗണ്ട്ഡൗണുകൾക്ക് ഇനി വളർമതി മാഡത്തിന്റെ ശബ്ദം ഉണ്ടാകില്ല. ചന്ദ്രയാൻ 3 ആയിരുന്നു അവരുടെ അവസാന കൗണ്ട്ഡൗൺ പ്രഖ്യാപനം. അപ്രതീക്ഷിതമായ ഒരു വിയോഗം. വല്ലാത്ത സങ്കടം തോന്നുന്നു. പ്രണാമം!" എന്നായിരുന്നു ട്വീറ്റ്. മുൻ രാഷ്ട്രപതി അബ്ദുൾ കലാമിൻറെ ബഹുമാനാർത്ഥം 2015-ൽ തമിഴ്നാട് സർക്കാർ ഏർപ്പെടുത്തിയ അബ്ദുൾ കലാം അവാർഡ് ലഭിക്കുന്ന ആദ്യ വ്യക്തിയാണ് വളർമതി. 2012-ൽ വിജയകരമായി വിക്ഷേപിച്ച ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ആദ്യത്തെ റഡാർ ഇമേജിംഗ് സാറ്റലൈറ്റ് റിസാറ്റ്-1 ന്റെ പ്രോജക്ട് ഡയറക്ടറായിരുന്നു അവർ.

## ഓണാഘോഷം: മദ്യപിച്ച് പുഴക്കടവിൽ വീണുകിടന്ന് സ്കൂൾ വിദ്യാർഥി; മദ്യംവിറ്റ ബെവ്കോ ജീവനക്കാരനെതിരേ കേസ്

കൊച്ചി: മദ്യപിച്ച് പുഴക്കടവിൽ ബോധരഹിതനായി കിടക്കുന്ന സ്കൂൾ വിദ്യാർഥിയുടെ ദൃശ്യം സാമൂഹികമാധ്യമങ്ങളിൽ. മൂവാറ്റുപുഴ ജനതാക്കടവിൽനിന്നുള്ള ദൃശ്യങ്ങളാണ് കഴിഞ്ഞദിവസങ്ങളിൽ സാമൂഹികമാധ്യമങ്ങളിൽ പ്രചരിച്ചത്. ദൃശ്യങ്ങൾ വ്യാപകമായി പ്രചരിച്ചതോടെ മൂവാറ്റുപുഴ പോലീസ് സംഭവത്തിൽ പ്രാഥമിക അന്വേഷണം നടത്തുകയും വിദ്യാർഥിക്ക് മദ്യം വിറ്റ ബിവറേജസ് ജീവനക്കാരനെതിരേ കേസെടുക്കുകയും ചെയ്തു.

ഓഗസ്റ്റ് 25-ാം തീയതിയാണ് സംഭവം നടന്നതെന്നാണ് പോലീസ് പറയുന്നത്. അന്നേദിവസം സ്കൂളിലെ ഓണാഘോഷത്തിന് ശേഷം മദ്യപിച്ച പ്ലസ് വൺ വിദ്യാർഥി പുഴക്കടവിൽ എത്തുകയും ബോധരഹിതനായി വീഴുകയുമായിരുന്നു.

മദ്യപിച്ച് ലക്കുകെട്ട് കടവിൽ വീണുകിടന്ന വിദ്യാർഥിയെ സഹപാഠികളിൽ ചിലർ എഴുന്നേൽപ്പിക്കാൻ ശ്രമിച്ചെങ്കിലും അതിന് കഴിഞ്ഞില്ല. ഇതിനിടെയാണ് കടവിന് എതിർവശത്ത് താമസിക്കുന്ന സ്ത്രീ സംഭവം ക്യാമറയിൽ പകർത്തിയത്.എന്താണ് സംഭവമെന്ന് ചോദിച്ചപ്പോൾ 'അടിച്ചുപാമ്പായി' എന്നാണ് വിദ്യാർഥികൾ തന്നോട് പറഞ്ഞതെന്നാണ് ദൃശ്യങ്ങൾ പകർത്തിയ സ്ത്രീ വീഡിയോയിൽ പറയുന്നത്. ആംബുലൻസ് വിടണോ എന്നും ഏത് സ്കൂളിലാണ് പഠിക്കുന്നതെന്നും സ്ത്രീ ചോദിക്കുന്നതും വീഡിയോയിൽ കേൾക്കാം. ഓഗസ്റ്റ് 25-ന് പകർത്തിയ ഈ ദൃശ്യങ്ങൾ കഴിഞ്ഞദിവസങ്ങളിലാണ് സാമൂഹിക മാധ്യമങ്ങളിൽ വ്യാപകമായി പ്രചരിച്ചത്. ഇത് ശ്രദ്ധയിൽപ്പെട്ടതോടെ മൂവാറ്റുപുഴ പോലീസ് അന്വേഷണം ആരംഭിക്കുകയും വിവരങ്ങൾ കണ്ടെത്തുകയുമായിരുന്നു. ജനതാക്കടവിൽനിന്നാണ് ദൃശ്യങ്ങൾ പകർത്തിയതെന്ന് മനസിലാക്കിയ പോലീസ്, വിദ്യാർഥിയെയും തിരിച്ചറിഞ്ഞ് വിവരങ്ങൾ ശേഖരിച്ചിരുന്നു. തുടർന്നാണ് സ്കൂൾ വിദ്യാർഥികൾക്ക് മദ്യം വിറ്റതിന് ബെവ്കോ ജീവനക്കാരനെതിരേ കേസെടുത്തത്.

# വോട്ടർ പട്ടിക പുതുക്കുന്നു, പേര് ചേർക്കുന്നതിന് 23 വരെ അവസരം

തിരുവനന്തപുരം: സംസ്ഥാനത്തെ തദ്ദേശ സ്ഥാപനങ്ങളിലെ വോട്ടർപട്ടിക പുതുക്കുന്നു. പേര് ചേർക്കുന്നതിന് 23 വരെ അവസരമുണ്ട്. കരട് പട്ടിക സെപ്റ്റംബർ എട്ടിനും അന്തിമപട്ടിക ഒക്ടോബർ 16നും പ്രസിദ്ധീകരിക്കും.മരിച്ചവരെയും താമസം മാറിയവരെയും ഒഴിവാക്കുമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ എ ഷാജഹാൻ അറിയിച്ചു. 941 പഞ്ചായത്തുകൾ, 87 മുനിസിപ്പാലിറ്റികൾ, ആറ് കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ 19,489 വാർഡുകളിലെ വോട്ടർപട്ടികയാണ് പുതുക്കുന്നത്. 2020ലെ തെരഞ്ഞെടുപ്പിന് ശേഷം ആദ്യമായാണ് മുഴുവൻ തദ്ദേശ സ്ഥാപനങ്ങ



ളിലെയും വോട്ടർ പട്ടിക പുതുക്കുന്നത്. ജനുവരി ഒന്നിനോ അതിന് മുൻപോ 18 വയസ് പൂർത്തിയായവരെ ഉൾപ്പെടുത്തും. തദ്ദേശ ഉപ തെരഞ്ഞെടുപ്പിനും 2025ലെ പൊതുതെരഞ്ഞെടുപ്പിനും ആവശ്യമായ ഭേദഗതികളോടെ ഈ പട്ടിക ഉപയോഗിക്കുമെന്നും കമ്മീഷണർ അറിയിച്ചു.sec.kerala.gov.in വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് അപേക്ഷിക്കാം. ഓൺലൈനിൽ രജിസ്റ്റർ ചെയ്ത് പ്രിന്റൗട്ട് നേരിട്ടോ തപാലിലൂടെയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് നൽകണം. അക്ഷയ കേന്ദ്രം, അംഗീകൃത ജനസേവന കേന്ദ്രം എന്നിവ മുഖേനയും അപേക്ഷിക്കാം. പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിൽ സെക്രട്ടറിമാരും കോർപറേഷനിൽ അഡീഷണൽ സെക്രട്ടറിയുമാണ് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ തീരുമാനത്തിനെതിരെ 15 ദിവസത്തിനകം അപ്പീൽ നൽകാം. തദ്ദേശ വകുപ്പിലെ ജില്ലാ ജോയിന്റ് ഡയറക്ടറാണ് അപ്പീൽ അധികാരി. അപ്പീലിന്മേൽ മൂന്ന് ദിവസത്തിനകം തീരുമാനം കൈക്കൊള്ളും.



പൊതുമരാമത്ത് – ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് ആശ്വാസ് പദ്ധതി ഒരു കുടുംബത്തിന് നൽകി ഉദ്ഘാടനം ചെയ്യുന്നു

## ആശ്വാസ് പദ്ധതി വ്യാപാരി സമൂഹത്തിന് ആത്മവിശ്വാസം വർദ്ദിപ്പിക്കും : മന്ത്രി പി എ മുഹമ്മദ് റിയാസ്

കോഴിക്കോട് :സഹപ്രവർത്തകർക്ക് തണലേകുന്ന ഒരു പ്രവർത്തനമെന്ന നിലയിൽ ആശ്വാസ് പദ്ധതി വ്യാപാരികൾക്കും അവരുടെ കുടുംബത്തിനും ആത്മ വിശ്വാസം വർദ്ദിപ്പിക്കുമെന്ന് പൊതുമരാമത്ത് – ടൂറിസം വകുപ്പ് മന്ത്രി പി.എ മുഹമ്മദ് റിയാസ് . കേരള വ്യാപാരി വ്യവസായി ഏകോപന സമിതി കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെ ആശ്വാസ് പദ്ധതിയുടെ പ്രഥമ ധനസഹായ വിതരണം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.അവനവനിലേക്ക് മനുഷ്യൻ ചുരുങ്ങി കൊണ്ടിരിക്കുന്ന ഈ കാലത്ത് ഇത്തരം സംഘടനാ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. സംസ്ഥാന സർക്കാറിന്റെ റോഡ് വികസനത്തിൽ വ്യാപാരികൾ വലിയ പിന്തുണയാണ് നൽകിയത്. ടൂറിസം വികസനത്തിൽ വ്യാപാരികളുടെ പങ്ക് വലുതാണ് , ടൂറിസം വികസിക്കുന്നിടത്ത് വ്യാപാരം വർദ്ദിക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.സി എച്ച് ഫ്ലൈ ഓവർ നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രതിസന്ധിയിലായ വ്യാപാരികളെ സംരക്ഷിക്കുമെന്ന് മന്ത്രി വേദിയിൽ ഉറപ്പ് നൽകി.ചടങ്ങിൽ ജില്ലാ വൈസ് പ്രസിഡന്റ് എ.വി.എം കബീർ അധ്യക്ഷത വഹിച്ചു.
സംസ്ഥാന പ്രസിഡന്റ് രാജു അപ്സര മുഖ്യാതിഥിയായിരുന്നു.ആശ്വാസ് പദ്ധതിയിൽ അർഹരായ 5 കുടുംബങ്ങൾ 10 ലക്ഷം രൂപ വീതം ഏറ്റുവാങ്ങി.മുൻ സംസ്ഥാന ജനറൽ സെക്രട്ടറി കെ. ഹസ്സൻ കോയ , സംസ്ഥാന സെക്രട്ടറി പി.കെ. ബാപ്പു ഹാജി, ജില്ലാ പ്രസിഡന്റ് അഷ്റഫ് മൂത്തേടത്ത്,ജില്ലാ ട്രഷറർ വി.സുനിൽ കുമാർ ,യൂത്ത് വിംഗ് സംസ്ഥാന പ്രസിഡന്റ് സലീം രാമനാട്ടുകര , ജില്ലാ ഭാരവാഹികളായ എം.ഷാഹുൽ ഹമീദ്, കെ.പി. മൊയ്തീൻ കോയ, കെ. സരസ്വതി,എരോത്ത് ഇഖ്ബാൽ എന്നിവർ സംസാരിച്ചു. ജില്ലാ ജനറൽ സെക്രട്ടറി ജിജി കെ.തോമസ് സ്വാഗതവും ആശ്വാസ് പദ്ധതി ട്രഷറർ കെ.ടി. വിനോദ് നന്ദിയും പറഞ്ഞു.



കലാകേന്ദ്രം ഏർപ്പെടുത്തിയ പതിനാലാമത് ഒ.ആബു സ്മാരക അവാർഡ് പക്കർ പന്നൂർ ഏറ്റുവാങ്ങുന്നു

## ഒ.ആബു അനുസ്മരണവും അവാർഡ് സമർപ്പണവും

തലശ്ശേരി: വ്യഖ്യാത മാപ്പിളപ്പാട്ടു രചയിതാവും ഗ്രന്ഥകാരനുമായ ഒ.ആബുവിന്റെ അനുസ്മരണവും അവാർഡ് സമർപ്പണവും നടത്തി. മാപ്പിള കലാകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ തലശ്ശേരി കുട്ട്യാമു സെന്ററിൽ സംഘടിപ്പിച്ച ചടങ്ങ് അഡ്വ.പി.വി.സൈനുദ്ദീൻ ഉദ്ഘാടനം ചെയ്തു. പ്രൊഫ.എ.പി.സുബൈർ അധ്യക്ഷത വഹിച്ചു. കലാകേന്ദ്രം ഏർപ്പെടുത്തിയ പതിനാലാമത് ഒ.ആബു സ്മാരക അവാർഡ് പക്കർ പന്നൂർ ഏറ്റുവാങ്ങി. മാപ്പിള കലാ അക്കാദമി വർകിംഗ് പ്രസിഡണ്ട് എ.കെ. മുസ്തഫ അനുസ്മരണ ഭാഷണം നടത്തി. ടി.കെ.ഡി. മുഴപ്പിലങ്ങാട്, ശമീർ കരിപ്പൂർ, പ്രൊഫ.ദാസൻ പുത്തലത്ത്, എ.പി.അഹമ്മദ്, കെ.ശിവദാസൻ, എം.സക്കരിയ്യ, പി.എം.അഷറഫ്, ബക്കർ തോട്ടുമ്മൽ, ജാഫർ ജാസ് തുടങ്ങിയവർ സംസാരിച്ചു. പക്കർ പന്നൂർ മറുപടി പ്രസംഗം നടത്തി. ഉസ്മാൻ പി. വടക്കുമ്പാട് സ്വാഗതവും ഫനാസ് തലശ്ശേരി നന്ദിയും പറഞ്ഞു.

## കോഴിക്കോട് ഐ.ഐ.എമ്മിലെ പഠനത്തെ അംഗീകരിച്ച് ദൽഹി ഐ.ഐ.ടിയും

കോഴിക്കോട്: പോക്കറും റമ്മിയും ഭാഗ്യത്തിനപ്പുറം ധിഷണ ഉപയോഗിച്ച് പ്രവർത്തിക്കേണ്ട ഗെയിം ഓഫ് സ്കിൽ ആണെന്ന കോഴിക്കോട് ഐ.ഐ. എമ്മിലെ പഠനത്തെ അംഗീകരിച്ച് ദൽഹി ഐ. ഐ.ടിയും . പോക്കറും റമ്മിയും ധിഷണയിലൂടെ സ്വന്തം കഴിവുപയോഗിച്ച് വിജയം കണ്ടെത്തേണ്ട ഗെയിമുകളാണെന്ന കോഴിക്കോട് ഐ.ഐ. എമ്മിലെ സ്ട്രാറ്റജിക് മാനേജ്മെന്റ് അസോസിയേറ്റ് പ്രൊഫസർ ദീപക് ദയാനിധിയുടെ കണ്ടെത്തലിന് സമാന സ്ഥിരീകരണം തന്നെയാണ് ദൽഹി ഐ.ഐ.ടി ഇപ്പോൾ നടത്തിയ പഠനവും കണ്ടെത്തിയിരിക്കുന്നത്.ഐ ഐ ടി-ഡൽഹിയിലെഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് അസോസിയേറ്റ് പ്രൊഫസറും ഏ.ഐ ആൻഡ് ഓട്ടോമേഷൻ, കേഡൻസ് ചെയർ , പ്രൊഫസറുമായ തപൻ കെ. ഗാന്ധി, അദ്ദേഹത്തിന്റെ ടീമിനൊപ്പം അടുത്തിടെ നടത്തിയ ഒരു പഠനമാണ് ഓൺലൈനിലെ പോക്കറും റമ്മിയും കഴിവും ബുദ്ധിയുമുപയോഗിച്ച് വിജയം വരിക്കേണ്ടുന്ന കളികളാണെന്ന് കണ്ടെത്തിയിരിക്കുന്നത്. ഓൺലൈനിലെ പോക്കറും , റമ്മിയും ഭാഗ്യത്തിന്റെയോ കഴിവിന്റെയോ കളിയോ?" എന്ന വിഷയത്തിലായിരുന്നു പഠനം.പോക്കറിലും റമ്മിയിലും വിജയിക്കുന്നതിന് ആവശ്യമായ ധിഷണയുടെയും മറ്റ് കഴിവുകളുടെയും പ്രാധാന്യം ഈ പഠനത്തിലൂടെ ഇവർ കണ്ടെത്തുന്നുണ്ട്. കൂടാതെ ഒരു കായിക വിനോദം പോലെ അനുഭവത്തിന്റെയും കഴിവുകളുടെയും അടിസ്ഥാനത്തിൽ കായികരംഗത്ത് കളിക്കാരൻ എടുക്കുന്നതു പോലെഎല്ലാ നിലക്കുമുള്ള അധ്വാനം ആവശ്യപ്പെടുന്നവയാണിതെന്നും പഠനം അടിവരയിടുന്നുണ്ട്. ഇതേ കാര്യമാണ് മുൻപ് ഐ.ഐ.എമ്മിലെ ദയാനിധിയും പ്രസിദ്ധീകരിച്ചത്. 'പോക്കർ, റമ്മി തുടങ്ങിയ ഓൺലൈൻ കാർഡ് ഗെയിമുകളിൽ അടിസ്ഥാനപരമായി ഭാഗ്യത്തിനല്ല, ധിഷണാപരമായ കഴിവിനാണ് പ്രാധാന്യമെന്നാണ് ദയാനിധിയും മുൻപ് കണ്ടെത്തി പറഞ്ഞത്.

# അച്ചൻകോവിലാറ്റിലേക്കു ഓട്ടോ മറിഞ്ഞ് രണ്ട് മരണം

ആലപ്പുഴ: നാലംഗ കുടുംബം ഉൾപ്പെടെ 5 പേർ സഞ്ചരിച്ച ഓട്ടോറിക്ഷ നിയന്ത്രണം വിട്ട് അച്ചൻകോവിലാറ്റിലേക്കു മറിഞ്ഞ് രണ്ട് മരണം. ഇന്നലെയാണ് 'പകടം നടന്നത്. ഒരാളെ മൃതദേഹം ഇന്നലെ കണ്ടെത്തിയിരുന്നു.

കാണാതായ മൂന്ന് വയസ്സുകാരന്റെ മൃതദേഹം ഇന്നാണ് കണ്ടെത്തിയത്. അപകടത്തിൽ മരിച്ച ചെങ്ങന്നൂർ വെൺമണി പാറചന്ത വലിയപറമ്പിൽ ആതിര എസ് നായരുടെ ഇളയ മകൻ കാശിനാഥാണ് മരിച്ചത്. ഇന്ന് രാവിലെ നടത്തിയ തിരച്ചിലിലാണ് മൃതദേഹം കണ്ടെത്തിയത്. ഇന്നലെ വൈകിട്ട് 5.45ന് മാവേലിക്കര കുന്നം ചാക്കോ റോഡിൽ കൊല്ലകടവ് പാലത്തിനു പടിഞ്ഞാറു കല്ലിമേൽ ഭാഗത്തായിരുന്നു അപകടം. ഓടിക്കൂടിയ നാട്ടുകാർ ഓട്ടോഡ്രൈവർ ഉൾപ്പെടെ 3 പേരെ രക്ഷപ്പെടുത്തി. എന്നാൽ ആതിര അപകടത്തിൽ മരിക്കുകയും കാശിനാഥിനെ കാണാതാവുകയുമായിരുന്നു.

ഓട്ടോറിക്ഷയിൽ ഉണ്ടായിരുന്ന ആതിരയുടെ ഭർത്താവ് ഷൈലേഷ് (അനു 43), മകൾ കീർത്തന (11), ഓട്ടോറിക്ഷ ഡ്രൈവർ വെൺമണി പ്ലാവുനിൽക്കുന്നതിൽ ലെബനോയിൽ സജു (45) എന്നിവരെയാണ് നാട്ടുകാർ രക്ഷപ്പെടുത്തിയത്. ഒഴുക്കു ശക്തമായതിനാൽ ഇന്നലെ രാത്രി ഒൻപതോടെ കാശിനാഥിനായുള്ള തിരച്ചിൽ അവസാനിപ്പിച്ചിരുന്നു. ഇന്നു രാവിലെ തിരച്ചിൽ പുനരാരംഭിച്ചപ്പോഴാണ് കുട്ടിയുടെ മൃതദേഹം കണ്ടെത്തിയത്. കരയംവട്ടത്തു നിന്നു വെൺമണിയിലെ വീട്ടിലേക്കു മടങ്ങുകയായിരുന്നു കുടുംബം. സംഭവം നടക്കുമ്പോൾ പ്രദേ





ശത്തു മഴയുണ്ടായിരുന്നു. നാട്ടുകാരാണ് ഇന്നലെ ആറ്റിൽ ചാടി രക്ഷാപ്രവർത്തനം നടത്തിയത്. ഷൈലേഷ്, കീർത്തന, സജു എന്നിവരെ കരയ്ക്കെത്തിച്ച ശേഷമാണ് ആതിരയും കാശിനാഥും ഓട്ടോറിക്ഷയിൽ ഉണ്ടെന്ന് അറിഞ്ഞത്. തുടർന്നു നടത്തിയ തിരച്ചിലിൽ ആതിരയെ കണ്ടെത്തി ജില്ലാ ആശുപത്രിയിൽ എത്തിച്ചപ്പോഴേക്കും മരണം സംഭവിച്ചിരുന്നു. സ്കൂബ ടീമും അഗ്നിരക്ഷാസേനയും പൊലീസും നാട്ടുകാരും ചേർന്നാണു കാശിനാഥിനായി തിരച്ചിൽ നടത്തിയത്.

### മകളെ ശല്യം ചെയ്തത് ചോദ്യം ചെയ്ത പിതാവിനെ യുവാവ് കുത്തിക്കൊന്നു

ബെംഗളൂരു: ബെംഗളൂരുവിലെ ശാന്തിനഗർ പ്രദേശത്ത് മകളെ ശല്യപ്പെടുത്തിയത് ചോദ്യം ചെയ്തതിന് പിതാവിനെ യുവാവ് കുത്തിക്കൊലപ്പെടുത്തി. ശനിയാഴ്ച രാവിലെ 9.30ഓടെയായിരുന്നു സംഭവം. അൻവർ ഹുസൈനാണ്(41) കൊല്ലപ്പെട്ടത്. പ്രതി സാഹിദിനെ പൊലീസ് അറസ്റ്റ് ചെയ്തു. ഗുഡ്സ് വെഹിക്കിൾ ഡ്രൈവറായി ജോലി ചെയ്തിരുന്ന അൻവർ, മകളെ ശല്യം ചെയ്യുന്നത് അവസാനിപ്പിക്കണമെന്ന് സാഹിദിന് പലതവണ മുന്നറിയിപ്പ് നൽകിയിരുന്നു. രണ്ടു പേരും ശാന്തിനഗറിലാണ് താമസിക്കുന്നത്. സംഭവദിവസവും സാഹിദിൻറെ ശല്യമുണ്ടായി. സാഹിദിനെ കണ്ടു സംസാരിക്കാനും യുവാവിൻറെ മാതാപിതാക്കളോടും സഹോദരനോടും പരാതിപ്പെടാനും ഹുസൈൻ തീരുമാനിച്ചു. ഇതിനെച്ചൊല്ലി സാഹിദും അൻവറും തമ്മിൽ വാക്കുതർക്കമുണ്ടാവുകയും ചെയ്തു. തർക്കം രൂക്ഷമായപ്പോൾ സാഹിദ് ഹുസൈന്റെ കഴുത്തിൽ കത്തികൊണ്ട് കുത്തുകയായിരുന്നു.

## സംസ്ഥാനത്ത് അടുത്ത 5 ദിവസം ശക്തമായ മഴ; ഇന്ന് അഞ്ചിടത്ത് യെല്ലോ അലർട്ട്

തിരുവനന്തപുരം: ബംഗാൾ ഉൾക്കടലിൽ ന്യൂനമർദ സാധ്യതയുള്ളതിനാൽ സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.

വടക്ക് കിഴക്കൻ ബംഗാൾ ഉൾക്കടലിൽ ചക്രവാതചുഴി നിലനിൽക്കുന്നു. 24 മണിക്കൂറിനുള്ളിൽ വടക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും മധ്യ പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിനും മുകളിലായി ന്യൂന മർദ്ദമായി ശക്തിപ്പെടാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിക്കുന്നു.സെപ്റ്റംബർ 4 മുതൽ 8 വരെ ഒറ്റപ്പെട്ട സ്ഥലങ്ങളിൽ ശക്തമായ മഴക്കും സാധ്യതയെന്നാണ് കേന്ദ്ര കാലാവസ്ഥ വകുപ്പിന്റെ മുന്നറിയിപ്പ്. ഇന്നും നാളെയും പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ശക്തമായ മഴ കണക്കിലെടുത്ത് യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.ബുധനാഴ്ച എറണാകുളം ഇടുക്കി ജില്ലകളിലും വ്യാഴാഴ്ച ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലും വെള്ളിയാഴ്ച തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകലിലും യെല്ലോ അലർട്ട് പ്രഖ്യാപിച്ചു.കേരള തീരത്ത് തിങ്കളാഴ്ച രാത്രി 11.30 വരെ 0.5 മുതൽ 2.1 മീറ്റർ വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ടെന്ന് ദേശീയ സമുദ്രസ്ഥിതിപഠന ഗവേഷണ കേന്ദ്രംഅറിയിച്ചു.

മത്സ്യത്തൊഴിലാളികളും തീരദേശവാസികളും ജാഗ്രത പാലിയ്ക്കണമെന്നും മുന്നറിയിപ്പിൽ പറയുന്നു.കടൽക്ഷോഭം രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ അപകട മേഖലകളിൽ നിന്ന് അധികൃതരുടെ നിർദേശാനുസരണം മാറി താമസിക്കണം. മൽസ്യബന്ധന യാനങ്ങൾ (ബോട്ട്, വള്ളം, മുതലായവ) ഹാർബറിൽ സുരക്ഷിതമായി കെട്ടിയിട്ട് സൂക്ഷിക്കുക. വള്ളങ്ങൾ തമ്മിൽ സുരക്ഷിത അകലം പാലിക്കുന്നത് കൂട്ടിയിടിച്ചുള്ള അപകട സാധ്യത ഒഴിവാക്കാം. മൽസ്യബന്ധന ഉപകരണങ്ങളുടെ സുരക്ഷ ഉറപ്പാക്കണം.



പുസ്തകപ്പയറ്റിലേക്ക് വി.കെ.സുരേഷ് ബാബു മാസ്റ്റർ പുസ്തകങ്ങൾ ഏറ്റുവാങ്ങുന്നു

## പുസ്തകപ്പയറ്റ് സംഘടിപ്പിച്ചു

തലശേരി നഗരസഭയിലെ 33-ാം വാർഡിൽ ലൈബ്രറി സ്ഥാപിക്കാൻ പുന്നോൽ താഴെ വയലിൽ പുസ്തകശേഖരണത്തിനായി പുസ്തകപ്പയറ്റ് നടത്തി. ഈന്തോലപ്പട്ടയും കുരുത്തോലയും കൊണ്ട് അണിയിച്ചൊരുക്കി പ്രത്യേകം ഉണ്ടാക്കിയ സ്ഥലത്ത് നൂറുക്കണക്കിന് ആളുകൾ വന്നെത്തി പുസ്തകങ്ങൾ നൽകി.ലൈബ്രറി കൗൺസിൽ താലൂക്ക് എക്സി. മെമ്പർ ബാബു കാണി വയൽ ഉദ്ഘാടനം ചെയ്തു. ചെയർപേഴ്സൺ ജമുനാ റാണി അധ്യക്ഷത വഹിച്ചു. വി.കെ. സുരേഷ് ബാബു സ്വാഗതവും സി.കെ.ഷിബിൻ നന്ദിയും പറഞ്ഞു.
കെ.സുരേഷ്ബാബു, സി.കെ. ഷിജു ,കെ.പി. കാഞ്ചന, കെ.ടി. മൈഥിലി എന്നിവർ നേതൃത്വം നൽകി

## അതിശക്ത മഴ; പമ്പാ നദിയിൽ ജലനിരപ്പുയർന്നു; പത്തനംതിട്ടയിൽ ഉരുൾപൊട്ടലെന്ന് സംശയം

പത്തനംതിട്ട: കനത്ത മഴയെ തുടർന്നു പമ്പാ നദിയിൽ ജലനിരപ്പുയർന്നു. റാന്നി കുരുമ്പൻമൂഴി കോസ് വേയിൽ വെള്ളം കയറി. ഗുരുനാഥൻ മണ്ണ്, മുണ്ടൻപാറ മേഖലയിൽ ഇന്നലെ രാത്രിയിലും കനത്ത മഴ തുടർന്നു. ഗുരുനാഥൻ മണ്ണ് ഭാഗത്ത് കനത്ത മലവെള്ളപ്പാച്ചിലുണ്ടായി. ഉൾവനത്തിൽ ഉരുൾപൊട്ടിയെന്ന് സംശയമുണ്ട്. നീരൊഴുക്ക് ശക്തമായതിനെ തുടർന്ന് മൂഴിയാർ, മണിയാർ ഡാമുകളുടെ ഷട്ടറുകൾ ഉയർത്തി. മൂഴിയാർ ഡാമിന്റെ ഒരു ഷട്ടറും മണിയാർ ഡാമിന്റെ രണ്ടു ഷട്ടറുകളുമാണ് ഉയർത്തിയത്. കക്കാട്ടാർ കരകവിഞ്ഞ് ഒഴുകുകയാണ്. തീരപ്രദേശത്ത് ജാഗ്രതാ നിർദേശം പുറപ്പെടുവിച്ചു. ജലനിരപ്പ് ക്രമാതീതമായി ഉയർന്നതിനെ തുടർന്ന് മൂഴിയാർ ഡാമിന്റെ ഷട്ടറുകൾ കഴിഞ്ഞ ദിവസവും ഉയർത്തിയിരുന്നു. ഒന്നാം തീയതി വൈകീട്ടോടെ ആരംഭിച്ച മഴ കഴിഞ്ഞ ദിവസം ശമിച്ചെങ്കിലും ഇന്നലെ വീണ്ടും ശക്തിയായി.കക്കിയിൽ ഒന്നാം തീയതി അതിതീവ്ര മഴ രേഖപ്പെടുത്തിയിരുന്നു. 225 മില്ലി മീറ്റർ മഴയാണ് രേഖപ്പെടുത്തിയത്. അത്തിക്കയത്ത് 101 മില്ലി മീറ്ററും ആങ്ങമൂഴിയിൽ 153 മില്ലി മീറ്ററും മൂഴിയാറിൽ 143 മില്ലി മീറ്റർ മഴയുമാണ് രേഖപ്പെടുത്തിയത്.

## ബസ്സുകളുടെ അമിത വേഗവും മത്സര ഓട്ടവും നിയന്ത്രിക്കണം: റെസിഡന്റ്സ് അപെക്സ് കൗൺസിൽ

കോഴിക്കോട് : അപകട മരണങ്ങൾക്ക് ഇടയാക്കുന്ന രീതിയിൽ വർധിച്ചു വരുന്ന ബസ്സുകളുടെ അമിത വേഗവും മത്സര ഓട്ടവും നിയന്ത്രിക്കണമെന്ന് റെസിഡന്റ്സ് അപ്പെക്സ് കൌൺസിൽ ഓഫ് കോഴിക്കോട് ജില്ലാ പ്രവർത്തക സമിതി യോഗം അധികൃതരോട് ആവശ്യപ്പെട്ടു. അപകടങ്ങൾ ഉണ്ടാവുമ്പോൾ മാത്രം ഉണർന്നു പ്രവർത്തിക്കുന്ന പോലീസും മോട്ടോർ വാഹന വകുപ്പും സാധാരണ ദിവസങ്ങളിൽ ജാഗ്രത പാലിക്കുന്നില്ലെന്ന് യോഗം അഭിപ്രായപ്പെട്ടു. സ്റ്റോപ്പുകൾ ഇല്ലാത്ത തിരക്കുള്ള സ്ഥലങ്ങളിൽ ബസ്സ് നിർത്തി യാത്രക്കാരെ ഇറക്കുന്നതും കയറ്റുന്നതും പതിവായിട്ടും അധികൃതർ യാതൊരു നടപടിയും സ്വീകരിക്കാതെ കണ്ണടക്കുകയാണെന്ന് യോഗം കുറ്റപ്പെടുത്തി. ജനങ്ങളുടെ ജീവൻ കൊണ്ട് പന്താടുന്ന ഇത്തരം നടപടികൾ അവസാനിപ്പിക്കാൻ അധികൃതർ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു.
ചേവായൂർ കാർത്തികയിൽ ചേർന്ന യോഗത്തിൽ പ്രസിഡണ്ട് കെ പി ജനാർദ്ദനൻ അധ്യക്ഷത വഹിച്ചു. സെക്രട്ടറി എം കെ ബീരാൻ റിപ്പോർട്ട് അവതരിപ്പിച്ചു. അഡ്വ കെ എം കാതിരി, എം പി രാമകൃഷ്ണൻ, പി കെ ശശിധരൻ, കെ സത്യനാഥൻ, കെ വി ഷാബു എന്നിവർ പ്രസംഗിച്ചു.
ഗാന്ധി ജയന്തി ദിനത്തോടനുബന്ധിച്ച് റസിഡന്റ്സ് അസോസിയേഷൻ അംഗങ്ങളുടെ ഹൈസ്കൂൾ, പ്ലസ്ടു ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് മഹാത്മാ ഗാന്ധി ക്വിസ് മത്സരം നടത്താനും യോഗം തീരുമാനിച്ചു.



സൂര്യഗായത്രി പ്രകാശന ചടങ്ങ്

## സ്നേഹപൂർവ്വം സൂര്യഗായത്രി പ്രകാശിപ്പിച്ചു

തലശ്ശേരി. പ്രവാസിയും സംഗീതത്ജനും ആയ ശ്യം ശിവകുമാറിന്റെ പ്രഥമ നോവൽ സ്നേഹപൂർവ്വം സൂര്യഗായത്രിപ്രകാശിപ്പിച്ചു. എരഞ്ഞോളി വെസ്റ്റ് യു പി സ്കൂളിൽ നടന്ന ചടങ്ങിൽ പഞ്ചായത്ത് പ്രസിഡന്റ് എം പി ശ്രീഷ അധ്യക്ഷത വഹിച്ചു ചലച്ചിത്ര നടൻ സുശീൽ കുമാർ തിരുവങ്ങാട് പ്രകാശനം നിർവഹിച്ചു.

മുൻ പ്രധാന അധ്യാപകരായ ചന്തുകുട്ടി മാസ്റ്റർ. കൃഷ്ണൻ മാസ്റ്റർ. മോഹനൻ മാസ്റ്റർ. ശശിധരൻ മാസ്റ്റർ എന്നിവർക്ക് നോവൽ കോപ്പി നൽകികൊണ്ടാണ് പ്രകാശനം നിർവഹിച്ചത്. പൊന്ന്യം ചന്ദ്രൻ പുസ്തക പരിചയം നടത്തി. രാജേന്ദ്രൻ തായാട്ട് മുഖ്യതിഥിയായി.നോവൽ രചനയുടെ പശ്ചാത്തലം ശിവകുമാർ പരാമർശിച്ചു.ഡോ. ആർ എൽ സംഗീത സംസാരിച്ചു.

പി പി സനിത സ്വാഗതവും അനില നന്ദിയും പറഞ്ഞു. കലാപരിപാടികളും ഗുരുവന്ദനവുമുണ്ടായി.

## 'ഓണം ടാങ്കി കഥ"കൾ പുതിയ ക്യാംപയിനുമായി മോണ്ടലസ്

കോഴിക്കോട്: മധുരിക്കുന്ന നിമിഷങ്ങൾ സമ്മാനിക്കുന്ന മോണ്ടലസ് ഇന്ത്യ. ലഘു പാനീയം ടാങ്ക് പുതിയ പ്രചാരണത്തിന് തുടക്കം കുറിച്ചു. ഓണാഘോഷവുമായി ബന്ധപ്പെട്ട് എന്നെന്നും കാത്തു സൂക്ഷിക്കുന്ന ഓർമ്മകൾ അടിസ്ഥാനമാക്കിയുള്ള സെപ്തംബർ അഞ്ചു വരെയുള്ള ക്യാംപയിനിനാണ് തുടക്കം കുറിച്ചിരിക്കുന്നത്.
കുട്ടിക്കാലത്തെ ഓണവുമായി ബന്ധപ്പെട്ട അനുഭവങ്ങളുടെ സ്മരണകൾ അയവിറക്കുവാനുള്ളതാണ് ഈ പ്രചാരണം.

ഉത്സവ വിർച്ച്വൽ കഥാപുസ്തകമായ "ഓണം ടാങ്കി കഥകൾ" ആണ് ഈ പ്രചാരണത്തിന്റെ മുഖ്യ ഭാഗം. പ്രമുഖ ഇല്ലസ്ട്രേറ്റർമാരായ അലീസിയ സൗസ, ആരോഷ് തേവാടത്തിൽ, പെൻസിലാശാൻ തുടങ്ങിയവർ ആണ് ഈ കഥാപുസ്തകത്തിൽ വരച്ച് ജീവൻ നല്കിയിരിക്കുന്നത്.

ഇന്നത്തെ കാലത്തെ കുട്ടികൾക്കായി ബ്രാൻഡ് സാമൂഹിക, ഡിജിറ്റൽ മാധ്യമ ചാനലുകളേയും ക്യാപയിനിനായി ഉപയോഗപ്പെടുത്തുന്നുണ്ട്.



## അപകടം പതിവാകുന്നു ബി.ജെ.പി നിശാ ധർണ നടത്തി

കോഴിക്കോട് : കാമ്പുറം ബീച്ച് ജംഗഷനിൽ സ്ഥിരമായി അപകടം ഉണ്ടാവുന്നതിന് പരിഹാരം കാണണമെന്നാവിശ്യപ്പെട്ട് 2022 നവംബർ 11 ന് ബി ജെ.പി.യുടെ നേതൃത്വത്തിൽ സമരവുംജനകീയ ഒപ്പ് ശേഖരണം നടത്തി ബന്ധപ്പെട്ട എല്ലാ അധികാരികൾക്കും നൽകിയതിന്റെ ഫലമായി.കഴിഞ്ഞ മാസം ജണഉ ഇന്റർലോക്ക് സ്പീഡ് ബ്രേയക്കർ സ്ഥാപിച്ചു.
അപകടം ഇല്ലാത്താക്കാൻ സ്ഥാപിച്ച ഇൻറ്റർ ലോക്ക് സ്പീഡ് ബ്രേയ്ക്കർ നിർമ്മാണത്തിലെ അപാകത കാരണം സ്ഥിരമായി ഇവിടെ അപകടം നടക്കുന്നു. ഇന്നലെ രാത്രി ഏകദേശം 2 മണിക്ക് മീൻ ലോറി മറിഞ്ഞ് ഡ്രൈവർക്ക് പരിക്ക് പറ്റി, പോലീസ് ക്രെയിൻ ഉപയോഗിച്ചാണ് വണ്ടി കൊണ്ടുപോയത്.കാമ്പുറം ജംഗ്ഷനിലെ അശാസ്ത്രീയ ഇന്റർലോക്ക് സ്പീഡ് ബ്രേയ്ക്കർ നിർമ്മാണത്തിലെ അപാകത ഉടൻ പരിഹരിക്കുക.

ഇന്റർലോക്കിന് ചുവപ്പ് കളർ നൽക്കുക . ഹൈറ്റ് കുറയ്ക്കാൻ വരമ്പിന് നീളം കൂട്ടുക. സിഗിനൽ ബോർഡ് സ്ഥാപിക്കുക, ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുക തുടങ്ങിയ ആവിശ്യം ഉന്നയിച്ച് ബി.ജെ.പി. വെസ്റ്റ്ഹിൽ ഏരിയ കമ്മിറ്റി കാമ്പുറം ജംഗഷനിൽ നിശാ ധർണ്ണ നടത്തി. ബി.ജെ.പി. നടക്കാവ് മണ്ഡലം പ്രസിഡണ്ട് കെ.ഷൈബു ഉദ്ഘാടനം ചെയ്തു.PWD ഉദ്യോഗസ്ഥൻമാരെ ബി.ജെ.പി പ്രതിനിധി സംഘം നാളെ സന്ദർശിക്കും,അടിയന്തര നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ റോഡ് ഉപരോധമടക്കമുള്ള ശക്തമായ സമര പരിപാടികൾക്ക് ബി.ജെ.പി. നേതൃത്വം നൽക്കുമെന്ന് കെ.ഷൈബു പറഞ്ഞു. ഏരിയ പ്രസിഡണ്ട് മധു കാമ്പുറം അദ്ധ്യക്ഷത വഹിച്ചു.ഏരിയ ജനറൽ സെക്രട്ടറി മാലിനി സന്തോഷ്, വൈസ് പ്രസിഡണ്ട് സോയ അനീഷ്, സുനിൽ രാജ്, റാണി രതിഷ് , വി.വി.ശിവപ്രകാശ്, ടി.സുധാകരൻ, എന്നിവർ പ്രസംഗിച്ചു

## ബാല വിവാഹം, സതി, വിധവാ വിവാഹ വിലക്ക്...; എല്ലാം വന്നത് ഇസ്ലാമിക അധിനിവേശത്തോടെ: ആർഎസ്എസ് നേതാവ്

ന്യൂഡൽഹി: ബാല വിവാഹം, സതി, വിധവാ വിവാഹ വിലക്ക് തുടങ്ങിയവയെല്ലാം ഇന്ത്യൻ സമൂഹത്തിൽ വ്യാപകമായത് ഇസ്ലാമിക അധിനിവേശത്തോടു കൂടിയാണെന്ന് ആർഎസ്എസ് നേതാവ് കൃഷ്ണ ഗോപാൽ. ഇത്തരം സാമൂഹ്യ ദുരാചാരങ്ങളാണ് സ്ത്രീയെ അടിച്ചമർത്താനിടയാക്കിയതെന്ന് അദ്ദേഹം പറഞ്ഞു. ഡൽഹി സർവകലാശാലയിൽ സംഘടിപ്പിച്ച നാരീ ശക്തി സംഗമത്തിൽ സംസാരിക്കുകയായിരുന്നു കൃഷ്ണ ഗോപാൽ.അക്രമികളിൽനിന്നു രക്ഷിക്കാനായി മധ്യകാലത്ത് സ്ത്രീകൾക്ക് ഒട്ടേറെ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി. അതൊരു വല്ലാത്ത കഠിനകാലമായിരുന്നുവെന്ന് ആർഎസ്എസ് നേതാവ് പറഞ്ഞു. രാജ്യം തന്നെ അടിച്ചമർത്തൽ നേരിടുകയായിരുന്നു. ക്ഷേത്രങ്ങൾ തകർക്കപ്പെട്ടു, വലിയ സർവകലാശാലകൾ നശിപ്പിക്കപ്പെട്ടു, സ്ത്രീകൾ ആക്രമണ ഭീഷണിയിലായി. ലക്ഷക്കണക്കിനു സ്ത്രീകളാണ് അപഹരിക്കപ്പെട്ട് ലോകത്ത് പലയിടത്തും വിൽപ്പനച്ചരക്കായത്. അബ്ദാലിയും ഘോറിയും ഘസ്നിയും ഇന്ത്യയിൽ നിന്നു സ്ത്രീകളെ തട്ടിക്കൊണ്ടുപോയി പലയിടത്തും വിറ്റിട്ടുണ്ടെന്ന് ഗോപാൽ പറഞ്ഞു. വലിയ തോതിൽ അപമാനം നേരിടേണ്ടി വന്ന കാലഘട്ടമാണത്. അതുകൊണ്ടാണ് സ്ത്രീകളുടെ സുരക്ഷയ്ക്കായി പലവിധ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്. നമ്മുടെ സമൂഹം തന്നെയാണ് ആ നിയന്ത്രണങ്ങൾ കൊണ്ടുവന്നത്. അതിന്റെ ഫലമായി സ്ത്രീകൾക്കു വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടു, അവർ അക്ഷരാഭ്യാസമില്ലാത്തവരായി. അക്രമികളിൽനിന്നു രക്ഷിക്കാനായി പെൺകുട്ടികളെ മാതാപിതാക്കൾ എത്രയും വേഗം വിവാഹം ചെയ്തയക്കാൻ തുടങ്ങിയതോടെയാണ് രാജ്യത്തു ബാലവിവാഹം പ്രചരിച്ചത്. ഇസ്ലാമിക അധിനിവേശത്തിനു മുമ്പ് ഇന്ത്യയിൽ സതി അനുഷ്ഠാനം ഇല്ലായിരുന്നു. യുദ്ധത്തിൽ ഒട്ടേറെപ്പേർ കൊല്ലപ്പെടുകയും അതുവഴി പുരുഷന്മാർ കുറയുകയും ചെയ്തപ്പോഴാണ് വിധവാ പുനർ വിവാഹത്തിനു വിലക്ക് ഏർപ്പെടുത്തിയത്- ആർഎസ്എസ് നേതാവ് പറഞ്ഞു. ഇസ്ലാമിക അധിനിവേശത്തിനു മുമ്പ് സ്ത്രീകൾ പണ്ഡിത സദസ്സുകളിൽ പങ്കെടുക്കുകയും വേദങ്ങൾ ചൊല്ലുകയും ചെയ്യുമായിരുന്നു. ഇപ്പോൾ വീണ്ടും സ്ത്രീകൾ വിദ്യാഭ്യാസത്തിൽ മുന്നിലേക്കു വന്നതായി ഗോപാൽ പറഞ്ഞു. പരീക്ഷകളിൽ അവർ ആൺകുട്ടികളെ പിന്നിലാക്കുകയാണ്. പല രംഗത്തും സ്ത്രീകൾ വലിയ സംഭാവനകൾ ചെയ്യുന്നു. പടിഞ്ഞാറൻ സംസ്കാരത്തിന്റെ പ്രലോഭനങ്ങൾക്കെതിരെ സ്ത്രീകൾ ജാഗ്രതയോടെയിരിക്കണമന്ന് ആർഎസ്എസ് നേതാവ് പറഞ്ഞു.

സാങ്കേതിക വിദ്യ ഉപയോഗിക്കൂ, വിമാനം പറത്തൂ, ഐഎസ്ആർഒയിൽ ജോലി ചെയ്യൂ, ശാസ്ത്രജ്ഞയോ ഡോക്ടറോ എൻജിനിയറോ ആവൂ, എന്നാൽ സ്ത്രീ സ്ത്രീയായിരിക്കണം. സ്ത്രീയാണ് കുടുംബത്തിന്റെ ആധാരം. കുട്ടികളിലേക്കു മൂല്യങ്ങൾ പകർന്നു നൽകേണ്ടതു സ്ത്രീകളാണ്. കുടുംബത്തെ നോക്കലും അടുക്കള കൈകാര്യം ചെയ്യലും ഇഷ്ടപ്പെട്ട ജോലിയോളം തന്നെ പ്രധാനമായ കാര്യമാണെന്ന് ഗോപാൽ പറഞ്ഞു. നെഹ്റു പ്രധാനമന്ത്രിയായിരുന്നപ്പോൾ അടുക്കള കൈകാര്യം ചെയ്തിരുന്നത് ഇന്ദിരയാണ്- അദ്ദേഹം പറഞ്ഞു.

## ഏറെനാൾ പ്രാർഥിച്ചിട്ടും കല്യാണം നടന്നില്ല; 27കാരൻ ശിവലിംഗം മോഷ്ടിച്ചു; അറസ്റ്റിൽ

ലഖ്നൗ: ഏറെ നാൾ പ്രാർഥിച്ചിട്ടും വിവാഹം നടക്കാത്തതിനെ തുടർന്ന് യുവാവ് ശിവലിംഗം മോഷ്ടിച്ചു. ഉത്തർപ്രദേശിലെ കൗശാംബി ജില്ലയിലെ ഭൈരോ ബാബ ക്ഷേത്രത്തിൽ നിന്നാണ് ശിവലിംഗം മോഷണം പോയത്.കഴിഞ്ഞ ദിവസം ഭക്തർ ദർശനത്തിന് എത്തിയപ്പോഴാണ് ശിവലിംഗം മോഷണം പോയ കാര്യം ശ്രദ്ധയിൽപ്പെട്ടത്.

തുടർന്ന് വിവരം പൊലീസിനെ അറിയിക്കുകയായിരുന്നു. അന്വേഷണത്തിനിടെ ഇന്നലെ, പ്രതി ഛോട്ടുവിനെ പൊലീസ് പിടികൂടി. മോഷ്ടിച്ച ശിവലിംഗവും പൊലീസ് കണ്ടെടുത്തു. കുറ്റം സമ്മതിച്ച പ്രതിയെ റിമാൻഡ് ചെയ്തതായി പൊലീസ് പറഞ്ഞു. സാവൻ മാസത്തിൽ തന്റെ വിവാഹം നടക്കാൻ ആത്മാർഥമായി പ്രാർഥിക്കുകയും ഉപവാസം അനുഷ്ഠിക്കുകയും ചെയ്തിട്ടും വിവാഹം നടക്കാത്തതിനാലുള്ള മനോവിഷമത്തിലാണ് ശിവലിംഗം മോഷ്ടിച്ചതെന്ന് പ്രതി പൊലീസിനോട് പറഞ്ഞു.

## ചാണകസോപ്പ് ഉപയോഗിക്കുന്നതിനാൽ ചർമരോഗമില്ലെന്ന് ബിജെപി മന്ത്രി



മുംബൈ: മുപ്പതുവർഷമായി പശുവിൻ ചാണകത്തിന്റെ സോപ്പ് ഉപയോഗിക്കുന്നുണ്ടെന്നും അതിനാൽ ചർമരോഗങ്ങളൊന്നുമില്ലെന്നും മഹാരാഷ്ട്രയിലെ ഉന്നതവിദ്യാഭ്യാസമന്ത്രി ചന്ദ്രകാന്ത് പാട്ടീൽ. പൂനെയിൽ മഹാരാഷ്ട്ര ഗോസേവ കമ്മീഷൻ ആസ്ഥാനത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. പശുവിൻ ചാണകം പുകയ്ക്കുന്ന പരിപാടി ജർമ്മനിയടക്കം പല രാജ്യങ്ങളിലുമുണ്ട്. അന്തരീക്ഷം ശുദ്ധീകരിക്കുന്നതിനാണിത്. അർബുദ ചികിത്സയ്ക്ക് ഗോമൂത്രമുപയോഗിക്കാമെന്നുവരെ ശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുണ്ട്. അധികമാർക്കും അതേക്കുറിച്ചറിയില്ലെന്നും പൂനെ ജില്ലയുടെ രക്ഷാധികാരി മന്ത്രികൂടിയായ അദ്ദേഹം പറഞ്ഞു.ചാണകം പുകച്ചുകൊണ്ടാണ് രാജ്യത്തെ കോടിക്കണക്കിന് വീടുകളിൽ ആളുകൾ തങ്ങളുടെ പ്രവൃത്തികൾ ആരംഭിക്കുന്നത്. അതിനാൽത്തന്നെ പശുവിൻ ചാണകത്തിന് ഏറെ ആവശ്യക്കാരുണ്ട്.പശുവിൻ ചാണകസോപ്പ് ഉപയോഗിച്ചാൽ ചർമരോഗമുണ്ടാകില്ലെന്നുമാത്രമല്ല, മറ്റ് പല ആരോഗ്യപ്രശ്നങ്ങളും ഇല്ലാതാകും. കോവിഡ് സമയത്ത് സംസ്ഥാനത്തുടനീളം സഞ്ചരിക്കേണ്ടിവന്നപ്പോഴും ഒരു ചർമരോഗവും പിടിപെടാതിരുന്നത് ഇതുകാരണമാണെന്നും മന്ത്രി പറഞ്ഞു. ചാണകം, മൂത്രം, പാൽ തുടങ്ങി പശുവിന്റെ ഉത്പന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുകയെന്നത് ലക്ഷ്യം വച്ചാണ് ഗോസേവ കമ്മീഷൻ രൂപീകരിച്ചതെന്നും എല്ലാം സംസ്ഥാനങ്ങളിലും ഇത് രൂപവത്കരിക്കാൻ കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.


വായിക്കുക...
വരിക്കാരാവുക...

സത്യത്തിൻസാക്ഷി ധർമ്മത്തിൻ പാതയിൽ
പീപ്പിൾസ് റിവ്യൂ
Estd : 2007
email: peoplesreviewdaily@gmail.com ദിനപത്രം

പ്രവാസത്തിന് പുതിയ അർത്ഥതലങ്ങൾ....
പ്രവാസി റിവ്യൂ
മാഗസിൻ
email: pravasireviewmagazine@gmail.com

സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

www.peoplesreview.co.in
Peoples Review

P.B. No. 15, Limra Tower, Panikkar Road, Kozhikod - 673001
Ph: 0495 2769086, 9037319971, 8547369086


## ചൂടും മഴയും; യുഎഇയിൽ ഇന്ന് ചൂട് 44 ഡിഗ്രി വരെ ഉയരും

അബുദാബി: യുഎഇയിൽ കാലാവസ്ഥ ഇന്ന് ഭാഗികമായി മേഘാവൃതമായിരിക്കുമെന്ന് നാഷണൽ സെന്റർ ഓഫ് മെറ്റീരിയോളജി (എൻ.സി.എം) അറിയിച്ചു.

കിഴക്കൻ തീരത്ത് മഴക്ക് സാധ്യതയുണ്ട്. കിഴക്കൻ തീരത്ത് താഴ്ന്ന മേഘങ്ങൾ പ്രത്യക്ഷപ്പെടും. ഉച്ചയോടെ മഴ കിഴക്കോട്ടും തെക്കോട്ടും എത്താനുള്ള സാധ്യതയുല്ലതായും എൻ.സി.എം അറിയിച്ചു.മഴ കുറവുള്ള സമയങ്ങളിൽ ചൂട് ഉയർന്ന് തന്നെ നിൽക്കും. അബുദാബിയിൽ 44 ഡിഗ്രി സെൽഷ്യസും ദുബൈയിൽ 42 ഡിഗ്രി സെൽഷ്യസുമായിരിക്കും ഇന്ന് കൂടിയ താപനില. അബുദാബിയിൽ 31 ഡിഗ്രി സെൽഷ്യസും ദുബൈയിൽ 30 ഡിഗ്രി സെൽഷ്യസുമായിരിക്കും കുറഞ്ഞ താപനില.ഇന്ന് രാത്രിയിലും ചൊവ്വാഴ്ച രാവിലെയും അന്തരീക്ഷം ഈർപ്പമുള്ളതായിരിക്കും. ചില തീരപ്രദേശങ്ങളിലും ഉൾപ്രദേശങ്ങളിലും മൂടൽ മഞ്ഞ് ഉണ്ടാകാനുള്ള സാധ്യതയുണ്ട്.

പകൽ സമയത്ത് നേരിയതോ മിതമായതോ ആയ കാറ്റ് തെക്കുകിഴക്ക് മുതൽ വടക്കുകിഴക്ക് വരെ വീശും. അറേബ്യൻ ഗൾഫിലും ഒമാൻ കടലിലും കടൽ നേരിയ തോതിൽ പ്രക്ഷുബ്ധമാകും.



## ഫ്രാൻസിൽ നിദയുടെ 'അശ്വമേധം'– ചരിത്രമെഴുതി മലപ്പുറത്തുകാരി

പാരിസ്: ദീർഘ ദൂര കുതിരയോട്ട മത്സരത്തിൽ ചരിത്ര നേട്ടം സ്വന്തമാക്കി തിരൂർ കൽപ്പകഞ്ചേരി സ്വദേശിയായ നിദ അൻജും ചേലാട്ട്. ഫ്രാൻസിൽ നടന്ന വേൾഡ് ഇക്വസ്ട്രിയൻ എൻഡുറൻസ് പോരാട്ടത്തിൽ ഏറെ വെല്ലുവിളികൾ നിറഞ്ഞ നാല് ഘട്ടങ്ങൾ പൂർത്തിയാക്കിയാണ് നിദ ചരിത്രമെഴുതിയത്. ചാമ്പ്യൻഷിപ്പിലെ ദൂരമായ 120 കിലോമീറ്റർ പിന്നിട്ട നിദ ഈ ദൂരം താണ്ടുന്ന ആദ്യ ഇന്ത്യക്കാരിയെന്ന നേട്ടമാണ് സ്വന്തമാക്കിയത്. ഫ്രാൻസിലെ കാസ്റ്റൽസെഗ്രാറ്റ് നഗരത്തിലാണ് പോരാട്ടം അരങ്ങേറിയത്. ദുർഘടമായ വഴികൾ കുതിരപ്പുറത്തു താണ്ടി നിദ ലോക ചാമ്പ്യൻഷിപ്പിൽ ?ദീർഘദൂര കുതിരയോട്ടം പൂർത്തിയാക്കിയ ആദ്യ ഇന്ത്യക്കാരിയായി ഇതോടെ മാറി.

7.29 മണിക്കൂർ കൊണ്ടാണ് ഇന്ത്യയെ പ്രതിനിധീകരിച്ച് മത്സരത്തിൽ പങ്കെടുത്ത 21 കാരി നിദയും എപ്സിലോൺ സലോ എന്നു പേരിട്ട കുതിരയും 120 കിലോമീറ്റർ ദൂരം താണ്ടിയത്. 16.7 കിലോമീറ്റർ വേഗമാണ് നിദ മത്സരത്തിൽ നിലനിർത്തിയത്. മത്സര പാതയിൽ കുതിരയ്ക്ക് ഒരു പരിക്കും ഏൽക്കാൻ പാടില്ല. അത്രയും ശ്രദ്ധയോടെ റൈഡർ ദൂരം താണ്ടണം. നാല് ഘട്ടങ്ങളാണ് മത്സരത്തിനുള്ളത്. ഓരോ ഘട്ടം കഴിയുമ്പോഴും മൃഗ പരിപാലന വിദഗ്ധർ കുതിരകളുടെ ആരോഗ്യ, കായിക ക്ഷമത പരിശോധിക്കും. കുതിരയുടെ ആരോഗ്യത്തിൽ പ്രശ്നങ്ങളുണ്ടെങ്കിലും മത്സരത്തിൽ നിന്നു പുറത്താകും. ഇന്ത്യയടക്കം 25 രാജ്യങ്ങളിലെ 70 താരങ്ങളാണ് നിദയ്ക്കൊപ്പം മത്സരത്തിൽ പങ്കെടുത്തത്. 33 കുതിരകൾ കായിക ക്ഷമതയിൽ പരാജയപ്പെട്ടു പുറത്തായി. നിദ ആദ്യ ഘട്ടത്തിൽ 23ാം സ്ഥാനത്തും രണ്ടാം ഘട്ടത്തിൽ 26ലും മൂന്നാം വട്ടം 24ാം സ്ഥാനത്തും ഫൈനൽ ഘട്ടത്തിൽ 21ാം സ്ഥാനത്തും ഫിനിഷ് ചെയ്തു. വ്യക്തിഗത ഇനത്തിൽ സ്വർണം, വെള്ളി മെഡലുകൾ യുഎഇ താരങ്ങൾ സ്വന്തമാക്കി. ടീം ഇനത്തിൽ ഫ്രാൻസും ബഹ്റൈനുമാണ് വിജയിച്ചത്.

## ആടിനെ മോഷ്ടിച്ചെന്നാരോപണം: ദളിത് യുവാക്കളെ പുകയ്ക്ക് മുകളിൽ തലകീഴായി കെട്ടിത്തൂക്കി മർദിച്ചു



യുവാക്കളെ കെട്ടിത്തൂക്കിയ നിലയിൽ

ഹൈദരാബാദ്: ആടിനെ മോഷ്ടിച്ചെന്നാരോപിച്ച് ദലിത് യുവാക്കളെ പുകയ്ക്ക് മുകളിൽ തലകീഴായി കെട്ടിത്തൂക്കി മർദിച്ചു. തെലങ്കാനയിലെ മഞ്ചേരിയൽ ജില്ലയിലെ മന്ദമാരി ടൗണിലാണ് സംഭവം. ആടിനെ മോഷ്ടിച്ചെന്ന് സംശയം തോന്നിയ ഉടമ രണ്ടു പേരെയും ഒരു ഷെഡ്ഡിൽ കെട്ടിത്തൂക്കുകയായിരുന്നു. തുടർന്ന് ഇരുവർക്കും താഴെ വിറകുകൾ കത്തിച്ച് പുകയ്ക്കുകയും മർദിക്കുകയുമായിരുന്നു. ഗോദാവരിക്കാനി സ്വദേശികളായ ആട്ടിടയൻ തേജ (19), സുഹൃത്ത് ചിലുമൂല കിരൺ (30) എന്നിവർക്കാണ് മർദനമേറ്റത്. മന്ദമാരി അംഗാഡി ബസാറിലെ ഫാം ഉടമയായ കൊമുരാജുല രാമുലുവും കുടുംബവുമാണ് ഇരുവരെയും മർദിച്ചത്.കനത്ത ചൂടും പുകയും മർദനവും സഹിക്കാനാവാതെ രണ്ടു പേരും സഹായത്തിനായി നിലവിളിക്കുമ്പോഴും ഫാം ഉടമയും കൂട്ടാളികളും മർദനം തുടരുകയായിരുന്നു. ഇതിന്റെ വീഡിയോ സോഷ്യൽമീഡിയയിൽ പ്രചരിക്കുന്നുണ്ട്. 20 ദിവസം മുമ്പ് രാമുലുവിന്റെ ഒരു ആടിനെ കാണാതാവുകയായിരുന്നു. ആടിനെ തേജയും കിരണും ചേർന്ന് മോഷ്ടിച്ചതാണെന്നായിരുന്നു ഇയാളുടെ സംശയം. വെള്ളിയാഴ്ച, തേജയെയും കിരണിനെയും ഷെഡ്ഡിലേക്ക് വിളിച്ചുവരുത്തിയ രാമുലുവും കുടുംബവും ഇവരെ തലകീഴായി കെട്ടിത്തൂക്കുകയും വിറകുകൾ പെറുക്കി ഇവരുടെ തലയ്ക്ക് താഴെയിട്ട് കത്തിക്കുകയും മർദിക്കുകയുമായിരുന്നു.ദൃശ്യങ്ങൾ പ്രതികൾ തന്നെ ഫോണിൽ പകർത്തി പ്രചരിപ്പിക്കുകയും ചെയ്തു. കുറ്റം അംഗീകരിച്ച് ആടുകളെ തിരികെ നൽകണമെന്നും ഇല്ലെങ്കിൽ പണം നൽകണമെന്നുമായിരുന്നു അക്രമികളുടെ ആവശ്യം. മണിക്കൂറുകളോളം പീഡിപ്പിച്ച ശേഷം താക്കീത് നൽകി യുവാക്കളെ വിട്ടയച്ചു. എന്നാൽ ഇവരിൽ ഒരാൾ വീട്ടിലേക്ക് മടങ്ങിയെത്തിയില്ല. തുടർന്ന് വീട്ടുകാർ പൊലീസിൽ പരാതി നൽകി. ഗുരുതരമായി പരിക്കേറ്റ തേജയും കിരണും ശനിയാഴ്ച തങ്ങളുടെ വീടുകളിലെത്തി മർദനത്തെ കുറിച്ച് വിവരിച്ചതോടെയാണ് സംഭവം പുറത്തറിഞ്ഞത്.

## ഇതെൻറെ മൂന്നാം ജൻമം; കുമാരസ്വാമി

ബെംഗളൂരു: 64 വർഷത്തെ ജീവിതത്തിൽ ഇത് തൻറെ മൂന്നാം ജന്മമാണെന്ന് ജെഡി (എസ്) നേതാവും കർണാടക മുൻ മുഖ്യമന്ത്രിയുമായ എച്ച്.ഡി കുമാരസ്വാമി. കഴിഞ്ഞ ആഗസ്ത് 30നാണ് കുമാരസ്വാമിക്ക് മസ്തിഷ്കാഘാതമുണ്ടാകുന്നത്. സുഖം പ്രാപിച്ച ശേഷം കുമാരസ്വാമി ദൈവത്തിനും ഡോക്ടർമാർക്കും നന്ദി പറഞ്ഞു.പക്ഷാഘാതത്തിൻറെ പോലുള്ള ലക്ഷണങ്ങൾ കണ്ടാൽ ആളുകൾ ഉടൻ ഡോക്ടറെ കാണണമെന്ന് കുമാരസ്വാമി നിർദേശിച്ചു. "ഇതെൻറെ രണ്ടാം ജൻമമാണെന്ന് ഞാൻ നിങ്ങളോട് പറയുന്നു. കഴിഞ്ഞ അഞ്ചു ദിവസം എൻറെ ആരോഗ്യ നിലയെക്കുറിച്ചോർത്ത് എൻറെ സുഹൃത്തുക്കൾ ഭയന്നു. ആഗസ്ത് 30ന് പുലർച്ചെ രണ്ടു മണിക്ക് എഴുന്നേൽക്കുമ്പോൾ തന്നെ എനിക്ക് അസ്വസ്ഥത തോന്നിയിരുന്നു. ഉടൻ തന്നെ കുടുംബ ഡോക്ടറെ കണ്ടു, അദ്ദേഹം ആശുപത്രിയിൽ അഡ്മിറ്റാകാൻ പറഞ്ഞു." കുമാരസ്വാമി പറഞ്ഞു. ഉടൻ തന്നെ അദ്ദേഹത്തെ ബംഗളൂരുവിലെ ജയനഗറിലെ അപ്പോളോ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.''സ്ട്രോക്കിൻറെ അഞ്ച് ലക്ഷണങ്ങളുണ്ട്. കൈകാലുകളിൽ ബലക്ഷയമുണ്ടാകുക, ശരീരഭാഗങ്ങളിൽ സ്പർശനശേഷി നഷ്ടമാകുക, സംസാരശേഷി, കാഴ്ച എന്നിവ ഭാഗികമായോ പൂർണമായോ നഷ്ടമാകുക, കണ്ണുകൾ ചലിപ്പിക്കുന്നതിനു ബുദ്ധിമുട്ടുണ്ടാകുക, നടക്കുമ്പോൾ വശങ്ങളിലേക്ക് ചരിയുക. എന്നീ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ രോഗിയെ ഉടൻ ആശുപത്രിയിൽ എത്തിക്കണം, അതും. പക്ഷാഘാത ചികിത്സക്ക് ഏറ്റവും ഉചിതമായ ആശുപത്രി" ചകഒങഅചട മുൻ ഡയറക്ടറും പ്രമുഖ ന്യൂറോളജിസ്റ്റുമായ പി സതീഷ് ചന്ദ്ര മാധ്യമപ്രവർത്തകരോട് പ റഞ്ഞു. ലക്ഷണങ്ങൾ കണ്ടാൽ മൂന്നു മണിക്കൂറിനുള്ളിൽ രോഗിയെ ആശുപത്രിയിൽ എത്തിക്കണമെന്നും ആ മണിക്കൂറുകൾ 'സുവർണ നിമിഷങ്ങൾ' ആണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## 'പൈതൃകത്തിന് എതിരായ ആക്രമണം; ഇന്ത്യ സഖ്യം ഹിന്ദുത്വത്തെ വെറുക്കുന്നു'; ഉദയനിധിക്ക് എതിരെ അമിത് ഷാ



ന്യൂഡൽഹി: സനാതന ധർമം പൂർണമായും തുടച്ചുനീക്കപ്പെടണമെന്ന ഡിഎംകെ നേതാവും തമിഴ്നാട് മന്ത്രിയുമായ ഉദയനിധി സ്റ്റാലിന്റെ പരാമർശത്തിന് എതിരെ കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. ഉദയനിധിയുടേത് പൈതൃകത്തിനെതിരായ ആക്രമണമാണെന്ന് അമിത് ഷാ പറഞ്ഞു. പ്രതിപക്ഷ സഖ്യമായ ഇന്ത്യ ഹിന്ദുത്വത്തെ വെറുക്കുന്നുവെന്ന് വ്യക്തമാക്കുന്നതാണ് ഉദനനിധിയുടെ പരാമർശമെന്നും അദ്ദേഹം പറഞ്ഞു. നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന രാജസ്ഥാനിലെ ദുംഗർപുരിൽ ബിജെപിയുടെ പരിവർത്തൻ യാത്ര ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യ സംഖ്യത്തിന്റെ വോട്ടുബാങ്ക് രാഷ്ട്രീയത്തിന്റെയും പ്രീണന തന്ത്രത്തിന്റെയും ഭാഗമാണ് ഉദയനിധിയുടെ പരാമർശം. കഴിഞ്ഞ രണ്ട് ദിവസമായി ഇന്ത്യ സഖ്യം സനാതന ധർമത്തെ അപമാനിക്കുകയാണ്. ഡിഎംകെയുടെയും കോൺഗ്രസിന്റേയും നേതാക്കൾ വോട്ടുബാങ്ക് രാഷ്ട്രീയത്തിന് വേണ്ടി സനാതന ധർമം അവസാനിപ്പിക്കുന്നതിനെക്കുറിച്ച് സംസാരിക്കുന്നു. ഇതാദ്യമായല്ല അവർ സനാതന ധർമത്തെ അപമാനിക്കുന്നത്. ഇതിന് മുമ്പ് മൻമോഹൻ സിങ് ബജറ്റിലെ ആദ്യ അവകാശം ന്യൂനപക്ഷങ്ങൾക്കാണെന്ന് പറഞ്ഞു. എന്നാൽ ബജറ്റിലെ ആദ്യ അവകാശം പാവങ്ങൾക്കും ആദിവാസികൾക്കും ദലിതകൾക്കും പിന്നാക്ക വിഭാഗക്കാർക്കുമാണെന്ന് ഞങ്ങൾ പറഞ്ഞു. ഇന്ന് കോൺഗ്രസ് പാർട്ടി പറയുന്നത് മോദി വിജയിച്ചാൽ സനാതനം ഭരിക്കുമെന്നാണ്. രാഹുൽ ഗാന്ധി തീവ്രവാദ സംഘടനയായ ലഷ്കർ ഇ-ത്വയ്ബയുമായാണ് ഹിന്ദു സംഘടനകളെ താരതമ്യപ്പെടുന്നത്. ഹിന്ദു സംഘടനകൾ ലഷ്കർ ഇ-ത്വയ്ബയെക്കാൾ അപകടകാരികളാണെന്ന് വരെ രാഹുൽ പറഞ്ഞു- അമിത് ഷാ ആരോപിച്ചു. സനാതന ധർമം സാമൂഹികനീതിക്കും തുല്യതയ്ക്കും എതിരാണെന്നും കേവലം എതിർക്കപ്പെടേണ്ടതല്ല, പൂർണ്ണമായും തുടച്ചുനീക്കപ്പെടേണ്ടതാണെന്ന് അതെന്നുമായിരുന്നു ഉദയനിധിയുടെ പരാമർശം. സനാതന ധർമത്തെ ഡെങ്കി, മലേറിയ, കൊറോണ പോലുള്ള പകർച്ചവ്യാധികളോട് താരതമ്യപ്പെടുത്തിയായിരുന്നു പരാമർശം.



ഡ്യൂറൻഡ് കപ്പ് ജേതാക്കളായ മോഹൻ ബഗാൻ ടീം കാണികളെ അഭിവാദ്യം ചെയ്യുന്നു

# ഡ്യൂറൻഡ് കപ്പിൽ മോഹൻ ബഗാൻറെ മുത്തം

ചിരവൈരികളായ ഈസ്റ്റ് ബംഗാളിനെ എതിരില്ലാത്ത ഒരു ഗോളിന് കീഴടക്കി ഡ്യൂറൻഡ് കപ്പിൻ മോഹൻ ബഗാൻറെ മുത്തം. സാൾട്ട്ലേക്ക് സ്റ്റേഡിയത്തിലെ 85000-ത്തോളം വരുന്ന കാണികളെ സാക്ഷിയാക്കായിയിരുന്നു മോഹൻ ബഗാൻറെ കിരീടനേട്ടം. ആവേശകരമായ കൊൽക്കത്ത ഡർബിയിൽ അവസാന അര മണിക്കൂറോളം പത്തു പേരുമായായാണ് ബഗാൻ കളിച്ചത്.ജയത്തോടെ ഡ്യൂറൻഡ് കപ്പ് ചരിത്രത്തിലെ റെക്കോർഡ് നേട്ടം കൂടിയാണ് മോഹൻ ബഗാൻ സ്വന്തമാക്കിയത്. 17 തവണ ഡ്യൂറൻഡ് കപ്പ് നേടുന്ന ആദ്യ ടീമെന്ന നേട്ടമാണ് ബഗാനെത്തേടിയെത്തിയത്.

കൊൽക്കത്ത ഡർബിയിൽ ഒപ്പം ഫൈനൽ കളിച്ച ഈസ്റ്റ് ബംഗാളാണ് തൊട്ടുപിന്നിൽ. 16 തവണ ഈസ്റ്റ് ബംഗാൾ ഡ്യൂറൻഡ് കപ്പ് നേടിയിട്ടുണ്ട്.മത്സരത്തിലുടനീളം ഇരു ടീമുകളും ഒപ്പത്തിനൊപ്പം നിൽക്കുന്ന പ്രകടനമാണ് പുറത്തെടുത്തത്. ഗോൾരഹിതമായ ആദ്യ പകുതിയ്ക്ക് ശേഷം രണ്ടാം പകുതിയിൽ സൂപ്പർ താരം ദിമിത്രി പെട്രറ്റോസാണ് മോഹൻ ബഗാന് വേണ്ടി വിജയഗോൾ നേടിയത്.71-ാം മിനിറ്റിലായിരുന്നു ഗോൾ പിറന്നത്. പന്തുമായി ഒറ്റയ്ക്ക് മുന്നേറിയ പെട്രറ്റോസ് ബോക്സിന് പുറത്തുനിന്ന് തൊടുത്തുവിട്ട ഇടംകാലൻ ഷോട്ട് ഗോൾകീപ്പറെ കാഴ്ചക്കാരനാക്കി പോസ്റ്റിൻറെ ഇടത് മൂലയിൽ പെയ്തിറങ്ങി. ഈ ഒരൊറ്റ ഗോളോടെ മോഹൻ ബഗാൻ വിജയമുറപ്പിച്ചു. രണ്ടാം പകുതിയിൽ 62-ാം മിനിറ്റിൽ മധ്യനിരതാരം അനിരുദ്ധ് ഥാപ്പ ചുവപ്പുകാർഡ് കണ്ട് പുറത്തായതോടെയാണ് മോഹൻ ബഗാൻ 10 പേരായി ചുരുങ്ങുന്നത്.

പത്തുപേരായി ചുരുങ്ങിയിട്ടും മോഹൻ ബഗാനെതിരേ കൃത്യമായ അവസരങ്ങൾ മുതലെടുക്കാൻ ഈസ്റ്റ് ബംഗാളിന് സാധിച്ചില്ല.

# 'എനിക്കും മെസ്സിക്കും പി.എസ്.ജി നരകമായിരുന്നു'; നെയ്മർ



പി.എസ്.ജി വിട്ട് അൽ ഹിലാലിലെത്തിയ നെയ്മർ മുൻ ക്ലബിനെതിരെ രൂക്ഷ വിമർശനവുമായി രംഗത്ത്. മെസ്സിക്കും തനിക്കും പി.എസ്.ജിയിൽ നല്ല കാലം ആയിരുന്നില്ലെന്നും ക്ലബ്ബിൽ നരകതുല്യമായിരുന്നു കാര്യങ്ങൾ എന്നും നെയ്മർ പറഞ്ഞു."മെസ്സിക്ക് അർജൻറീനയോടൊപ്പം ലഭിച്ച അതുല്യമായ വർഷത്തേക്കുറിച്ചോർക്കുമ്പോൾ ഞാൻ വളരെ സന്തോഷവാനായിരുന്നു, എന്നാൽ അതേ സമയം അദ്ദേഹം ഒരു നാണയത്തിൻറെ ഇരുവശങ്ങളിലുമായാണ് ജീവിച്ചത്. അതെനിക്ക് വളരെ സങ്കടമുണ്ടാക്കി, അർജൻറീനയുടെ ദേശീയ ടീമിനൊപ്പം മെസ്സി സ്വർഗതുല്യമായ ദിവസങ്ങൾ ആഘോഷിച്ചു, അവർക്കൊപ്പം അവസാന വർഷങ്ങളിൽ അദ്ദേഹത്തിന് എല്ലാം നേടാൻ കഴിഞ്ഞു, എന്നാൽ പാരീസിലേക്ക് വരുമ്പോൾ അവിടം നരകം ആയിരുന്നു. മെസ്സിയും ഞാനും ആ നരകത്തിൽ ആണ് ജീവിച്ചത്." നെയ്മർ പറഞ്ഞു. "ഞങ്ങൾ അവിടെ അസ്വസ്ഥരായിരുന്നു, ഏറ്റവും മികച്ചത് നൽകാനാണ് ശ്രമിച്ചത്. ചരിത്രം സൃഷ്ടിക്കാൻ ഇറങ്ങിത്തിരിച്ചിട്ടും ഒന്നും സാധിച്ചില്ല.... നിർഭാഗ്യവശാൽ, ഞങ്ങൾക്കത് കഴിഞ്ഞില്ല." നെയ്മർ കൂട്ടിച്ചേർത്തു.

# ബുമ്ര കളിക്കില്ല; ലക്ഷ്യം സൂപ്പർ ഫോർ; ഇന്ത്യ ഇന്ന് നേപ്പാളിനെതിരെ

കൊളംബോ: ഏഷ്യാ കപ്പിൽ സൂപ്പർ ഫോർ ലക്ഷ്യമിട്ട് ഇന്ത്യ ഇന്ന് നേപ്പാളിനെ നേരിടാനിറങ്ങുന്നു. ചരിത്രത്തിലാദ്യമായാണ് ഇന്ത്യയും നേപ്പാളും ക്രിക്കറ്റിൽ നേർക്കുനേർ വരുന്നത്. പേസ് സൂപ്പർ താരം ജസ്പ്രിത് ബുമ്ര ഇല്ലാതെയാണ് ഇന്ത്യ കളിക്കാനിറങ്ങുന്നത്. വ്യക്തിപരമായ കാരണങ്ങളാൽ താരം നാട്ടിലേക്ക് മടങ്ങി. ഇന്ത്യ അടുത്ത ഘട്ടത്തിലേക്ക് കടന്നാൽ ബുമ്ര ടീമിനൊപ്പം ചേരും. ബുമ്രയ്ക്ക് പകരം മുഹമ്മദ് ഷമി പ്ലെയിങ് ഇലവനിൽ വരും. ആദ്യ മത്സരത്തിലെ ടീമിൽ നിന്നു മറ്റു മാറ്റത്തിനു സാധ്യതയില്ല.പാകിസ്ഥാനെതിരായ ആദ്യ പോരാട്ടം നടന്ന കാൻഡിയിലെ പല്ലക്കീലിൽ തന്നെയാണ് ഇന്നത്തെ പോരാട്ടവും. മഴ ഭീഷണി ഇന്നും നിലനിൽക്കുന്നുണ്ട്. ജയിച്ചാലും കനത്ത മഴയിൽ മത്സരം ഉപേക്ഷിച്ചാലും ഇന്ത്യ സൂപ്പർ ഫോറിലേക്ക് കടക്കും. മത്സരം നടക്കുകയും നേപ്പാൾ അട്ടിമറി വിജയം നേടുകയും ചെയ്താൽ മാത്രമേ അവർക്ക് പ്രതീക്ഷയുള്ളു.

ആദ്യ മത്സരത്തിൽ പോയിന്റ് പങ്കിട്ടതിനാൽ ഇന്ത്യക്ക് ഒരു പോയിന്റുണ്ട്. നേപ്പാൾ ആദ്യ പോരാട്ടത്തിൽ പാകിസ്ഥാനോട് പരാജയപ്പെട്ടിരുന്നു. അവർക്ക് പോയിന്റില്ല. മൂന്ന് പോയിന്റുമായി ഗ്രൂപ്പിൽ നിന്നു പാകിസ്ഥാൻ സൂപ്പർ ഫോർ നേരത്തെ തന്നെ ഉറപ്പിച്ചു. പാകിസ്ഥാനെതിരെ ഇന്ത്യയുടെ ആദ്യ നാല് മുൻനിര ബാറ്റർമാർക്ക് കാര്യമായി തിളങ്ങാൻ സാധിച്ചില്ല. ക്യാപ്റ്റൻ രോഹിത് ശർമ, വിരാട് കോഹ്‍ലി, ശുഭ്മാൻ ഗിൽ, ശ്രേയസ് അയ്യർ എന്നിവർ ക്ഷണത്തിൽ പുറത്തായിരുന്നു. ബാറ്റിങ് മികവിലേക്ക് നാൽവർ സംഘത്തിനു തിരിച്ചെത്താനുള്ള അവസരമാണ് ഇന്നത്തെ പോരാട്ടം. നേപ്പാൾ സൂപ്പർ സ്പിന്നർ സന്ദീപ് ലമിച്ചാനെ, മറ്റൊരു സ്പിന്നർ ലളിത് രാജ്ബൻഷി എന്നിവരുടെ മികവിലാണ് പ്രതീക്ഷയർപ്പിക്കുന്നത്. ആദ്യ മത്സരത്തിൽ പാകിസ്ഥാനോട് കനത്ത തോൽവി ഏറ്റുവാങ്ങിയതിന്റെ ക്ഷീണം മാറ്റാനും അവർ ശ്രമിച്ചേക്കും.

ഇന്ത്യ സാധ്യതാ ഇലവൻ: രോഹിത് ശർമ (ക്യാപ്റ്റൻ), ശുഭ്മാൻ ഗിൽ, വിരാട് കോഹ്‍ലി, ശ്രേയസ് അയ്യർ, ഇഷാൻ കിഷൻ, ഹർദിക് പാണ്ഡ്യ, രവീന്ദ്ര ജഡേജ, ശാർദുൽ ഠാക്കൂർ, കുൽദീപ് യാദവ്, മുഹമ്മദ് ഷമി, മുഹമ്മദ് സിറാജ്.

# അഫ്ഗാനെ തകർത്ത് സൂപ്പർ ഫോർ പ്രതീക്ഷ കാത്ത് ബംഗ്ലാദേശ്

കൊളംബോ: ജയം അനിവാര്യമായ പോരാട്ടത്തിൽ അഫ്ഗാനിസ്ഥാനെ തകർത്തെറിഞ്ഞ് സൂപ്പർ ഫോർ പ്രതീക്ഷകൾ നിലനിർത്തി ബംഗ്ലാദേശ്. ഏഷ്യാ കപ്പിൽ 89 റൺസ് വിജയമാണ് ബംഗ്ലാദേശ് സ്വന്തമാക്കിയത്. ശ്രീലങ്കക്കെതിരായ അടുത്ത മത്സരവും അഫ്ഗാനിസ്ഥാൻ തോറ്റാൽ ബംഗ്ലാദേശിനു സൂപ്പർ ഫോർ ഉറപ്പിക്കാം. ഓൾറൗണ്ടറും ഓപ്പണറുമായ മെഹിദി ഹസൻ, മധ്യനിര ബാറ്റർ നജ്മുൽ ഷാന്റോ എന്നിവരുടെ കിടയറ്റ സെഞ്ചുറികളാണ് ബംഗ്ലാദേശ് വിജയം അനായാസമാക്കിയത്. ആദ്യം ബാറ്റ് ചെയ്ത ബംഗ്ലാദേശ് ഇരുവരുടേയും കരുത്തി നിശ്ചത ഓവറിൽ അടിച്ചെടുത്തത് അഞ്ച് വിക്കറ്റ് നഷ്ടത്തിൽ 344 റൺസ്. അഫ്ഗാന്റെ പോരാട്ടം 44.3 ഓവറിൽ 245 റൺസിൽ അവസാനിച്ചു. ടോസ് നടി ബംഗ്ലാദേശ് ബാറ്റിങ് തിരഞ്ഞെടുക്കുകയായിരുന്നു. മികച്ച തുടക്കമാണ് അവർ സ്വന്തമാക്കിയത്. ഒന്നാം വിക്കറ്റ് 60 റൺസിലും രണ്ടാം വിക്കറ്റ് 63 റൺസിലും അവർക്ക് നഷ്ടമായി. എന്നാൽ മൂന്നാം വിക്കറ്റിൽ മെഹിദിക്ക് കൂട്ടായി നജ്മുൽ എത്തിയതോടെ അവർ ടോപ് ഗിയറിലേക്ക് മാറി. ഇരുവരും പോരാട്ടം അഫ്ഗാൻ ക്യാമ്പിലേക്ക് നയിച്ചു. മെഹിദി 119 പന്തിൽ ഏഴ് ഫോറും മൂന്ന് സിക്സും സഹിതം 112 റൺസെടുത്തു.

താരം റിട്ടയേർഡ് ഹർട് ആയി. നജ്മുൽ 105 പന്തിൽ ഒൻപത് ഫോറും രണ്ട് സിക്സും സഹിതം 104 റൺസെടുത്തു. ഇരു താരങ്ങളുടേയും രണ്ടാം ഏകദിന സെഞ്ചുറിയാണിത്. മൂന്നാം വിക്കറ്റിൽ ഇരുവരും ചേർന്നു 194 റൺസിൻ കൂട്ടുകെട്ടുയർത്തി. പിന്നീട് ക്രീസിലെത്തിയ മുഷ്ഫിഖർ റഹീം 15 പന്തിൽ ഒരോ സിക്സും ഫോറും സഹിതം 25 റൺസെടുത്തു. ക്യാപ്റ്റൻ ഷാകിബ് അൽ ഹസൻ 18 പന്തിൽ നാല് ഫോറും ഒരു സിക്സും സഹിതം 32 റൺസെടുത്ത് പുറത്താകാതെ നിന്നു. അഫ്ഗാൻ നിരയിൽ 75 റൺസെടുത്ത ഇബ്രാഹിം സാദ്രാൻ, 51 റൺസെടുത്ത ക്യാപ്റ്റൻ ഹഷ്മതുല്ല ഷാഹിദി എന്നിവരാണ് പിടിച്ചു നിന്നത്. റഹ്മത് ഷാ 33 റൺസും റാഷിദ് ഖാൻ 24 റൺസെടുത്തു.

മറ്റൊരാളും കാര്യമായി തിളങ്ങിയില്ല. ബംഗ്ലാദേശിനായി ടസ്കിൻ അഹമദ് നാല് വിക്കറ്റുകൾ വീഴ്ത്തി. ഷരിഫുൾ ഇസ്ലാം മൂന്ന് വിക്കറ്റുകൾ സ്വന്തമാക്കി. ഹസൻ മഹ്മുദ്, മെഹിദി ഹസൻ എന്നിവർ ഓരോ വിക്കറ്റും വീഴ്ത്തി.



ഗോൾനേട്ടം ആഘോഷിക്കുന്ന ആഴ്സനൽ ടീം

# എമിറേറ്റ്സിൽ മാഞ്ചസ്റ്റർ യുണൈറ്റഡിനെ തകർത്ത് പീരങ്കിപ്പട

ലണ്ടൻ: ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ മാഞ്ചസ്റ്റർ യുണൈറ്റഡിനെതിരെ തകർപ്പൻ ജയം സ്വന്തമാക്കി ആഴ്സണൽ. ഒന്നിനെതിരെ മൂന്ന് ഗോളുകൾക്കാണ് ഗണ്ണേഴ്സ് വിജയം പിടിച്ചത്. സ്വന്തം തട്ടകമായ എമിറേറ്റ്സ് സ്റ്റേഡിയത്തിൽ നാടകീയ വിജയമാണ് പീരങ്കിപ്പട സ്വന്തമാക്കിയത്.

90 മിനിറ്റ് വരെ മത്സരം 1-1നു സമനിലയിലായിരുന്നു. ഇഞ്ചുറി ടൈമിൽ രണ്ട് ഗോളുകൾ കൂടി മടക്കി അവർ മാഞ്ചസ്റ്ററിനെ ഞെട്ടിക്കുകയായിരുന്നു. ഇഞ്ചുറി ടൈമിൽ, ഈ സീസണിൽ ടീമിലെത്തിയ ഡെക്ലൻ റൈസും ഗബ്രിയേൽ ജീസസുമാണ് ആഴ്സണലിനു വിജയ ഗോളുകൾ സമ്മാനിച്ചത്.നാല് കളികളിൽ ആഴ്സണലിന്റെ മൂന്നാം ജയമാണിത്. പത്ത് പോയിന്റുമായി അവർ അഞ്ചാമത്. നാല് മത്സരങ്ങളിൽ മാഞ്ചസ്റ്റർ നേരിടുന്ന രണ്ടാം തോൽവിയായും മത്സരം മാറി. ആറ് പോയിന്റുമായി അവർ 11ാം സ്ഥാനത്ത്.

27ാം മിനിറ്റിൽ മാർക്കസ് റാഷ്ഫോർഡിലൂടെ മാഞ്ചസ്റ്ററാണ് ലീഡെടുത്തത്. ക്രിസ്റ്റിയൻ എറിക്സന്റെ ത്രൂ പാസിൽ നിന്നായിരുന്നു ഗോളിന്റെ പിറവി. എന്നാൽ തൊട്ടടുത്ത മിനിറ്റിൽ തന്നെ ആഴ്സണൽ മാർട്ടിൻ ഒഡേഗാർഡിലൂടെ സമനില പിടിച്ചു. മാർട്ടിനെല്ലിയാണ് ഗോളിനു വഴിയൊരുക്കിയത്. എന്നാൽ പിന്നീട് 90 മിനിറ്റ് വരെ ഗോൾ വന്നില്ല.

കളി ഇഞ്ചുറി ടൈമിലേക്ക് കടന്ന് ആറാം മിനിറ്റിൽ കോർണറിൽ നിന്നു വന്ന പന്ത് വലയിലിട്ടാണ് റൈസ് യുണൈറ്റഡിനെ ഞെട്ടിച്ചത്.

താരത്തിന്റെ ആദ്യ അഴ്സണൽ ഗോൾ. ഈ ഗോളിൽ തളർന്ന ചുവന്ന ചെകുത്താൻമാർക്ക് ജീസസിന്റെ രണ്ടാം അടിയും. ഇഞ്ചുറി ടൈമിന്റെ 11ാം മിനിറ്റിലായിരുന്നു ഈ ഗോൾ. മറ്റൊരു മത്സരത്തിൽ ലിവർപൂൾ വിജയം സ്വന്തമാക്കി.

മറുപടിയില്ലാത്ത മൂന്ന് ഗോളുകൾക്ക് അവർ ആസ്റ്റൻ വില്ലയെ പരാജയപ്പെടുത്തി. ഡൊമിനിക് സബോസ്ലായ്, മുഹമ്മദ് സല എന്നിവരും മാറ്റി കാഷിന്റെ ഓൾ ഗോളുമാണ് കളി ലിവർപൂളിനു അനുകൂലമാക്കിയത്. നാല് കളിയിൽ മൂന്നാം ജയം സ്വന്തമാക്കി അവർ പത്ത് പോയിന്റുമായി മൂന്നാം സ്ഥാനത്ത്.



# ആകാശ് ബൈജൂസിന്റെ ദേശീയ ടാലന്റ് ഹണ്ട് പരീക്ഷ ഒക്ടോബറിൽ

കോഴിക്കോട്: ആകാശ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏഴു മുതൽ പന്ത്രണ്ട് വരെ ക്ലാസുകളിലെ വിദ്യാർഥികൾക്കായി ദേശീയ സ്കോളർഷിപ്പ് പരീക്ഷ ആൻതേയുടെ 14-ാം പതിപ്പ് ഒക്ടോബർ 7നും 15നും ഇടയിൽ ഓൺലൈനായും ഓഫ്ലൈനായും നടക്കും. 100 ശതമാനം വരെ സ്കോളർഷിപ്പ് നൽകുന്ന പരീക്ഷയിൽ 700 വിദ്യാർഥികൾക്ക് ക്യാഷ് അവാർഡുകളും സമ്മാനിക്കും. വിദ്യാർഥികൾക്ക് anthe.aakash.ac.in എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യാം. പതിനാറര ലക്ഷത്തിലേറെ വിദ്യാർഥികളാണ് കഴിഞ്ഞ വർഷം ആൻതേ പരീക്ഷ എഴുതിയത്. നീറ്റ്, ജെ ഇ ഇ അഡ്വാൻസ് തുടങ്ങിയ ഉന്നത നിലവാരമുള്ള പരീക്ഷകളിൽ ആദ്യ റാങ്കുകൾ കരസ്ഥമാക്കിയ വിദ്യാർഥികളിൽ പലരും ആൻതേ പരീക്ഷകളിലൂടെയാണ് തുടക്കമിട്ടത്.

ആൻതേ സ്കോളർഷിപ്പ് സ്വീകർത്താക്കൾക്ക് ആകാശിൽ എന്റോൾ ചെയ്യാനും നീറ്റ്, ജെ ഇ ഇ സംസ്ഥാന സി ഇ ടികൾ, സ്കൂൾ/ ബോർഡ് പരീക്ഷകൾ, എൻ ടി എസ് എ, ഒളിമ്പ്യാഡുകൾ പോലുള്ള മത്സര സ്കോളർഷിപ്പുകൾ എന്നിവ ഉൾപ്പെടെ വിവിധ പരീക്ഷകൾക്ക് തയ്യാറെടുക്കാൻ വിദഗ്ധ മാർഗനിർദേശവും മെന്റർഷിപ്പും ലഭിക്കും.

അതോടൊപ്പം ഈ വർഷം 100 വിദ്യാർഥികൾക്ക് ദേശീയ ശാസ്ത്ര പര്യവേഷണത്തിലേക്ക് അഞ്ച് ദിവസത്തെ യാത്രയ്ക്കുള്ള അവസരവും ലഭിക്കും.

ആൻതേ പരീക്ഷ ഓൺലൈനായി രാവിലെ 10 മുതൽ രാത്രി ഒൻപത് വരെയാണ് നടക്കുക. ഓഫ്ലൈനിൽ എഴുതുന്നവർക്ക് ഒക്ടോബർ 8, 15 തിയ്യതികളിൽ രാവിലെ പത്തര മുതൽ 11.30 വരെയും വൈകിട്ട് നാലു മുതൽ അഞ്ചു വരേയും രണ്ട് ഷിഫ്റ്റുകളിലായി പരീക്ഷ എഴുതാനുള്ള സൗകര്യമുണ്ടാകും. ഓഫ്ലൈൻ പരീക്ഷ എഴുതുന്നവർക്ക് രാജ്യത്തെ 315ലേറെ കേന്ദ്രങ്ങളിൽ അനുയോജ്യമായ ഒരു മണിക്കൂർ സ്ലോട്ട് തെരഞ്ഞെടുക്കാവുന്നതാണ്. 40 മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങൾ ഉൾപ്പെടെ മൊത്തം 90 മാർക്കിന്റെ പരീക്ഷയാണ് ഒരു മണിക്കൂർ നേരംകൊണ്ട് പൂർത്തിയാക്കേണ്ടത്. ഏഴു മുതൽ ഒൻപത് വരെയുള്ള ക്ലാസുകൽലെ വിദ്യാർഥികൾക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മാത്തമാറ്റിക്സ്, മെന്റൽ എബിലിറ്റി എന്നീ വിഷയങ്ങളിൽ നിന്നാണ് ചോദ്യങ്ങളുണ്ടാവുക.

മെഡിക്കൽ വിദ്യാഭ്യാസം ആഗ്രഹിക്കുന്ന പത്താം ക്ലാസുകാർക്ക് ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മെന്റൽ എബിലിറ്റി എന്നിവയും അതേ ക്ലാസിലെ എൻജിനിയറിംഗ് ആഗ്രഹിക്കുന്നവർക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, മെന്റൽ എബിലിറ്റി എന്നിവയും ഉൾക്കൊള്ളുന്നതായിരിക്കും ചോദ്യങ്ങൾ. പതിനൊന്ന്, പന്ത്രണ്ട് ക്ലാസുകളിലെ വിദ്യാർഥികൾക്ക് ഫിസിക്സ്, കെമിസ്ട്രി, ബോട്ടണി, സുവോളജി എന്നിവയും എൻജിനിയറിംഗ് ആഗ്രഹിക്കുന്നവർക്ക് ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നിവയുമായിരിക്കും വിഷയങ്ങൾ.

# 'കാൻസറിനോട് പോരാടിയ എനിക്കറിയാം അതിൻറെ കടുപ്പം'; ഹീത്ത് സ്ട്രീക്കിന്റെ മരണത്തിൽ യുവരാജ് സിങ്

ന്യൂഡൽഹി: സിംബാബ്വേ ക്രിക്കറ്റ് ഇതിഹാസം ഹീത്ത് സ്ട്രീക്കിന്റെ നിര്യാണത്തിൽ അനുശോചിച്ച് മുൻ ഇന്ത്യൻ താരം യുവരാജ് സിങ്. ജീവിതത്തിൽ കണ്ടുമുട്ടിയ ഏറ്റവും നല്ല മനുഷ്യന്മാരിൽ ഒരാളാണ് ഹീത്ത് സ്ട്രീക്കെന്ന് യുവരാജ് അനുശോചനക്കുറിപ്പിൽ പറഞ്ഞു. മരണവാർത്ത വേദനിപ്പിക്കുന്നുവെന്നും യുവി പറഞ്ഞു.''സിംബാബ്വേയുടെ ഇതിഹാസ താരം ഹീത്ത് സ്ട്രീക്കിന്റെ മരണവിവരം ശരിക്കും ദുഃഖിപ്പിക്കുന്നതാണ്. കാൻസറിനോട് പോരാടിയ ഒരാളെന്ന നിലയിൽ അതിന്റെ കടുപ്പം എനിക്കറിയാം. ഞാൻ എന്റെ (ജീവിത) യാത്രയ്ക്കിടയിൽ കണ്ടുമുട്ടിയ ഏറ്റവും നല്ല മനുഷ്യന്മാരിൽ ഒരാളായിരുന്നു അദ്ദേഹം; കരുത്തനായ മനുഷ്യനും. അദ്ദേഹത്തിന്റെ കുടുംബത്തിനും സ്നേഹജനങ്ങൾക്കും കരുത്ത് ലഭിക്കാൻ പ്രാർത്ഥിക്കുന്നു''-യുവരാജ് സോഷ്യൽ മീഡിയയിൽ കുറിച്ചു.ഇന്ന് ഉച്ചയോടെയാണ് സ്ട്രീക്കിന്റെ മരണം. വൻകുടലിലും കരളിനും അർബുദം ബാധിച്ച് ഏറെനാളായി ചികിത്സയിലായിരുന്നു. ഭാര്യ നാദിൻ സ്ട്രീക്കാണ് മരണവിവരം പുറത്തുവിട്ടത്.1993ൽ രാജ്യാന്തര ക്രിക്കറ്റിൽ അരങ്ങേറിയ സ്ട്രീക്ക് 2005ലാണ് വിരമിച്ചത്. രാജ്യത്തിനായി 65 ടെസ്റ്റിലും 189 ഏകദിനങ്ങൽലും ജഴ്സിയണിഞ്ഞു. 4,933 റൺസും 455 വിക്കറ്റും സ്വന്തമാക്കി. രാജ്യാന്തര ക്രിക്കറ്റിൽ സിംബാബ്വേക്കായി ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയ താരമാണ്.വിരമിച്ച ശേഷം പരിശീലകനായും സജീവമായിരുന്നു സ്ട്രീക്ക്. 2009-13 വർഷങ്ങളിൽ സിംബാബ്വേയുടെ ബൗളിങ് കോച്ചായിരുന്നു. ഇന്ത്യൻ പ്രീമിയർ ലീഗിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെയും പരിശീലിപ്പിച്ചിട്ടുണ്ട്.

# ട്രാൻസ്ഫർ ജാലകം അടഞ്ഞു; പ്രീമിയർ ലീഗിൽ മാത്രം പൊടിഞ്ഞത് 24,600 കോടി! റെക്കോർഡ്

ലണ്ടൻ: താരങ്ങളെ സ്വന്തമാക്കാനുള്ള ട്രാൻസ്ഫർ ജാലകത്തിന്റെ ആദ്യ ഘട്ടത്തിനു താഴ് വീണപ്പോൾ പൊടിഞ്ഞത് ശത കോടികൾ! ഇംഗ്ലീഷ് പ്രീമിയർ ലീഗിൽ മാത്രം വിവിധ ടീമുകൾ ചെലവാക്കിയ തുക 297 കോടി ഡോളർ (ഇന്ത്യൻ രൂപയിൽ ഏതാണ്ട് 24,600 കോടി).

ഓഡിറ്റ് സ്ഥാപനമായ ഡിലോയിറ്റ് ആണ് ഇതിന്റെ കണക്കുകൾ പുറത്തു വിട്ടത്. പ്രീമിയർ ലീഗിന്റെ ചരിത്രത്തിൽ ആദ്യമാണ് ഇത്രയും തുക വിപണിയിൽ ഇറങ്ങുന്നത്. അതൊരു റെക്കോർഡ് ആയി മാറുകയും ചെയ്തു. കഴിഞ്ഞ വർഷം ഇതേ സമയത്ത് 246 കോടി ഡോളറാണ് ടീമുകൾ ചെലവാക്കിയത്. ട്രാൻസ്ഫർ ജാലകം അടയ്ക്കുന്ന അവസാന ദിവസമായ സെപ്റ്റംബർ ഒന്നിനു മാത്രം 2650 കോടി രൂപയോളമാണ് ക്ലബുകൾ ചെലവിട്ടത്. യൂറോപ്പിലെ മറ്റ് ലീഗുകളിലെ വിവിധ ടീമുകൾ ചെലവിട്ട തുകയുടെ 48 ശതമനാവും പ്രീമിയർ ലീഗ് വഴിയാണ് ട്രാൻസ്ഫർ വിപണിയിലിറങ്ങിയത്.യൂറോപ്പിലെ വിവിധ ലീഗുകളിൽ ട്രാൻസ്ഫർ വിപണിയുടെ ഒന്നാം ഘട്ടം ആരംഭിച്ചത് ജൂൺ 14നാണ്. ഈ മാസം ഒന്നാം തീയതി വരെയായിരുന്നു ടീമുകൾക്ക് താരങ്ങളെ വിട്ടു കൊടുക്കാനും പുതിയ താരങ്ങളെ സ്വന്തമാക്കാനുമുള്ള സമയം. അടുത്ത ഘട്ടം ജനുവരിയിലാണ്.

## വിവാഹിതരായി



കോട്ടയ്ക്കൽ: കോട്ടയ്ക്കൽ ആര്യ വൈദ്യശാലാ പബ്ലിക് റിലേഷൻ ഓഫീസർ എം.ടി. രാമകൃഷ്ണന്റെയും അഡ്മിനിസ്ട്രേഷൻ ഡെപ്യൂട്ടി മാനേജർ എം.ടി. ബീനയുടെയും മകൻ രാംകുമാറും (ഡെലോയിറ്റ് ഇന്ത്യ) അങ്കമാലി അങ്ങാടിക്കടവ് എ.കെ. വിനോദ്കുമാറിന്റെയും പി.ഡബ്ല്യു. ഡി. എക്സിക്യൂട്ടീവ് എൻജിനിയർ ടി.എൻ. പുഷ്പകുമാരിയുടെയും മകൾ ഗായത്രി വിനോദും (ഐ. സി.ഐ.സി.ഐ. ബാങ്ക്) വിവാഹിതരായി. കായിക മന്ത്രി വി. അബ്ദുറഹ്മാൻ, ഡോ. എം.പി. അബ്ദുസ്സമദ് സമദാനി എം.പി, എം.എൽ.എ മാരായ പ്രൊഫ. കെ.കെ. ആബിദ് കെ. ഹുസൈൻ തങ്ങൾ, പി. നന്ദകുമാർ, എഴുത്തുകാരായ എം.ടി. വാസുദേവൻ നായർ. സാറാ ജോസഫ്, സി. രാധാകൃഷ്ണൻ, ആലങ്കോട് ലീലാകൃഷ്ണൻ, മണമ്പൂർ രാജൻബാബു,

സംവിധായകൻ ജയരാജ്, കോട്ടയ്ക്കൽ ആര്യ വൈദ്യശാലാ മാനേജിങ് ട്രസ്റ്റി ഡോ. പി.എം. വാരിയർ, സി.ഇ.ഒ. ജി.സി. ഗോപാലപിള്ള, ഹൈകോടതി ജഡ്ജി ടി.ആർ. രവി വാരിയർ, സീതാറാം മാനേജിങ് ഡയറക്ടർ രാമനാഥൻ, വൈദ്യരത്നം മാനേജിങ് ഡയറക്ടർ ഇ.ടി. നീലകണ്ഠൻ മൂസത്, മാതൃഭൂമി മാനേജിങ് ഡയറക്ടർ എം.വി. ശ്രേയാംസ് കുമാർ, ചെയർമാനും മാനേജിങ് എഡിറ്ററുമായ പി.വി. ചന്ദ്രൻ, ടൂറിസം സെക്രട്ടറി കെ ബിജു, എ.ഡി.എം. മുരളി തുടങ്ങിയവർ പങ്കെടുത്തു.

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.